എന്നും നേരിന്റെ പാതയിൽ

# നവീനഭൂമി

NAVEENA BHUMI

( Registered Malayalam Newspaper)


Published from Kochi






Estd. 2002, KERMAL 15439 | Highlighting on Cultural, Political, Educational, Health & Commercial fields | 2025 ഫെബ്രുവരി 16 – 28 പപുസ്തകം 12 ലക്കം 2 പേജ് 4 വില 5.00 | Email: naveenabhumi@gmail.com


# ശിവരാത്രിയും ബലിതർപ്പണവും ആലുവ മണപ്പുറത്തെ ഭക്തി നിർഭരമാക്കി



*ശിവരാത്രിക്ക് ആലുവ മണപ്പുറത്ത് ബലിതർപ്പണത്തിനായി എത്തിയ ഭക്തരുടെ തിരക്ക്.*

ആലുവ: ആലുവ മണപ്പുറത്തെ ബലിതർപ്പണത്തിനായി ആയിരങ്ങളെത്തി. അർദ്ധരാത്രി മുതൽ ശിവരാത്രിയും ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ വ്യാഴ്ച രാവിലെ 11 വരെ അമാവാസിയും ആയതിനാൽ തിരക്ക് കൂടി.

മൺമറഞ്ഞ പൂർവ്വികരെ മനസ്സിൽ ധ്യാനിച്ചും പ്രാർത്ഥിച്ചും ജനലക്ഷങ്ങളെക്കൊണ്ടു നിറഞ്ഞ ആലുവ മണപ്പുറം ഭക്തിസാന്ദ്രമായി.

കുംഭമാസത്തിലെ അമാവാസിദിനമായ ശിവ രാത്രിയിൽ വിളക്കും എഴുന്നള്ളിപ്പും കഴിഞ്ഞാണ് പിതൃതർപ്പണം ഔപചാരികമായി തുടങ്ങിയത്.

പുഴയോരത്തെ ബലിത്തറകൾ സന്ധ്യയ്ക്കു മുമ്പേ ജനനിബിഢമായിരുന്നു. കൊട്ടാരക്കടവ് – മണപ്പുറം നടപ്പാലത്തിലും തോട്ടക്കാട്ടുകര, പറവൂർ കവല റോഡുകളിലും ദേവസ്വം ബോർഡ് നൂറിൽപരം ബലിത്തറകൾ ഒരുക്കിയിരുന്നു.

മഹാദേവ ക്ഷേത്രത്തിൽ ലക്ഷാർച്ചനയും ദീപാരാധനയും തൊഴാൻ വൻ തിരക്കാണ് അനുഭവപ്പെട്ടത്. ക്ഷേത്ര കർമ്മങ്ങൾക്ക് മേൽശാന്തി മുല്ലപ്പള്ളി ശങ്കരൻ നമ്പൂതിരി കാർമ്മികത്വം വഹിച്ചു. ശ്രീനാരായണഗുരു സ്ഥാപിച്ച അദ്വൈതാശ്രമത്തിലും വൻതിരക്ക് അനുഭവപ്പെട്ടു. ആശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യ, മേൽശാന്തി പി.കെ. ജയന്തൻ എന്നിവർ നേതൃത്വം നൽകി.

മന്ത്രി അൻവർ സാദത്ത് എം.എൽ.എ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്, നഗരസഭാ അദ്ധ്യക്ഷൻ എം.ഒ. ജോൺ എന്നിവർ സ്ഥലത്ത് ക്യാമ്പ് ചെയ്തിരുന്നു. എം.എൽ.എ. മാരായ രമേശ് ചെന്നിത്തലയും, ചാണ്ടി ഉമ്മനും സന്നിഹിതരായിരുന്നു. നഗരസഭയുടെ വ്യാപാരമേളയും അമ്യൂസ്മെന്റ് പാർക്കും ശിവരാത്രിയോടനുബന്ധിച്ച് മാർച്ച് 31 വരെ നീണ്ടു നിൽക്കും.

# പൊതു സ്ഥലങ്ങളിൽ കൊടിമരം നാട്ടുന്നതിന് വിലക്ക്

കൊച്ചി: നിയമപരമായ അനുമതിയില്ലാതെ പൊതു സ്ഥലങ്ങളിൽ താൽക്കാലികമായോ സ്ഥിരമായോ കൊടിമരങ്ങൾ സ്ഥാപക്കുന്നതിന് ഹൈക്കോടതി വിലക്കി.

പന്തളത്തെ മന്നം ഷുഗർമില്ലിന് മുന്നിൽ സി.പി.എം., ബി.ജെ.പി., ഡി.വൈ.എഫ്.ഐ സംഘടനകൾ അനധികൃതമായി സ്ഥാപിച്ച കൊടിമരങ്ങൾ നീക്കണമെന്ന് ആവശ്യപ്പെട്ട് മന്നം ഷുഗർമിൽസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നൽകിയ ഹർജി തീർപ്പാക്കിയാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. പുതുതായി അനധികൃത കൊടിമരങ്ങൾ അനുവദിക്കില്ലെന്നു പറയുന്നതല്ലാതെ മുൻപു വെച്ച കൊടിമരങ്ങൾ നീക്കാനുള്ള പ്രോട്ടോക്കോൾ ഉണ്ടാക്കുന്നത് സർക്കാർ നീട്ടിക്കൊണ്ടുപോകുകയാണെന്നു കോടതി കുറ്റപ്പെടുത്തി. 2022 മുതൽ ഉറപ്പുകൾ ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്.

കോടതി ഉത്തരവ് നടപ്പാക്കാൻ നിർദ്ദേശിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറി എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും രണ്ടാഴ്ചക്കുള്ളിൽ സർക്കുലർ നൽകണം. നിലവിൽ അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങൾ നീക്കം ചെയ്യാനുള്ള സർക്കാർ നയത്തിന് ആറുമാസത്തിനകം രൂപം നൽകണമെന്നും ജസ്റ്റിസ് രാമചന്ദ്രൻ ഉത്തരവിട്ടു. നടപടികളിലെ പുരോഗതിയും സർക്കുലറും ഉൾപ്പെടുത്തി സെക്രട്ടറി ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്നും കോടതി നിർദ്ദേശിച്ചു.

# ഡബിൾ ഹോഴ്സിന്റെ ഐ.പി.എം. വടിമട്ട വിപണിയിൽ



*ഡബിൾഹോഴ്സ് ഗോൾഡൻ ഗെറ്റ് എവേ – സീസൺ-2 ന്റെ വിജയികളെ ആദരിക്കുന്ന ചടങ്ങിൽ ഗ്രാന്റ് ഗിഫ്റ്റ് വിതരണം നടത്തിയപ്പോൾ*

കൊച്ചി: ഡബിൾ ഹോഴ്സ് ഉപഭോക്താക്കളുടെ മനം കവർന്ന ഡബിൾ ഹോഴ്സ് ഗോൾഡൻ ഗെറ്റ് എവേ ക്യാംപെയിൻ സീസൺ രണ്ടിന് ആഘോഷസമാനമായ പരിസമാപ്തി. ഫെബ്രുവരി 25-ന് താജ് വിവന്ത, മറ്റൈൻ ഡ്രൈവിൽ സംഘടിപ്പിച്ച പ്രെസ്സ് മീറ്റോടെയാണ് ക്യാംപെയിന്റെ ഔദ്യോഗികമായ സമാപനം. ഗോൾഡൻ ഗെറ്റ് എവേ ആദ്യ സീസണിന്റെ തുടർച്ചയായി അവതരിപ്പിക്കപ്പെട്ട സീസൺ രണ്ട്, ആദ്യ സീസണിന്റെ വിജയചരിത്രം ആവർത്തിക്കുകയായിരുന്നു. പുട്ട് പൊടി, അപ്പം-ഇടിയപ്പം-പത്തിരി പൊടി, റവ, ശർക്കര, ഈസി പാലപ്പം, ഈസി ഇടിയപ്പം, ഈസി പത്തിരി പൊടി, ഇൻസ്റ്റന്റ ഇടിയപ്പം തുടങ്ങിയ ഉൽപ്പന്നങ്ങളിലായിരുന്നു ആകർഷകമായ ഈ ഓഫർ അവതരിപ്പിച്ചിരുന്നത്. ഉപഭോക്താക്കളെ ആകർഷിക്കാൻ അവതരിപ്പിച്ച ഈ ക്യാംപെയ്ൻ, ഒട്ടേറെ വലിയ സമ്മാനങ്ങളാണ് മത്സരാർത്ഥികൾക്ക് കൈമാറിയത്. മാരുതി സ്വിഫ്റ്റ് കാർ, സിംഗപ്പൂർ യാത്ര തുടങ്ങിയ മെഗാസമ്മാനങ്ങൾക്കൊപ്പം പ്രതിവാര സമ്മാനങ്ങളായ സ്വർണ്ണനാണയങ്ങൾ, എയർകണ്ടീഷനറുകൾ, ഫ്രിഡ്ജുകൾ എന്നിവയും, ഇതിന് പുറമേ, 10 മുതൽ 100 രൂപവരെ വരെയുള്ള ക്യാഷ് ബാക്ക് ഓഫറുകളും പദ്ധതിയുടെ ഭാഗമായിരുന്നു.

ഈ അവസരത്തിൽ ഡബിൾ ഹോഴ്സ് ശ്രേണിയിലേക്ക് മറ്റൊരു പ്രീമിയം ഉൽപ്പന്നമായ ഐ.പി.എം വടിമട്ട റൈസ് ലോഞ്ച് ചെയ്യുകയുണ്ടായി. 50% തവിട് നിലനിർത്തി, 371 ഗുണനിലവാര പരിശോധനകൾക്ക് ശേഷം ഉപഭോക്താക്കളിലേക്ക് എത്തുന്ന ഈ അരി വൈവിധ്യം, ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് (ഐ.പി.എം) രീതിയിൽ കൃഷി ചെയ്യപ്പെട്ടതും, ഉയർന്ന പരിശുദ്ധി, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തിയതുമാണ്. ഇതിലൂടെ കേരളത്തിലെ മികച്ച റൈസ് ബ്രാൻഡെന്ന സ്ഥാനം കൂടുതൽ ഉറപ്പാക്കുവാനൊരുങ്ങുകയാണ് ഡബിൾ ഹോഴ്സ്. ഉത്പന്നത്തിന്റെ ഔദ്യോഗിക പ്രകാശനം ബ്രാൻഡ് അംബാസഡറായ അഭിനേത്രി മംമ്ത മോഹൻദാസ്, ഡബിൾ ഹോഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വിനോദ് മഞ്ഞില എന്നിവർ സംയുക്തമായി നിർവഹിച്ചു.

“ഉപഭോക്താക്കൾക്ക് ഉന്നതഗുണമേന്മയാർന്ന, അതിനൂതന ആഹാരവിഭവങ്ങൾ, പരമ്പരാഗത രുചി നഷ്ടപ്പെടാതെ, പുതുജീവിതരീതികൾക്കിണങ്ങുന്നതരം അനുഭവം പ്രധാനം ചെയ്യുന്നതിലൂടെ, അവരുടെ വിശ്വാസം സംരക്ഷിക്കുവാൻ ഡബിൾ ഹോഴ്സ് പ്രതിജ്ഞാബദ്ധരാണ്. അതിനോടൊപ്പം ഉപഭോക്താക്കളെ ബ്രാൻഡിനോട് ചേർത്ത് നിർത്തുവാനായി മുന്നോട്ട്വെയ്ക്കുന്ന നൂതനമായ പദ്ധതികളുടെ ഭാഗമായാണ് ഗോൾഡൻ ഗെറ്റ് എവേ ക്യാംപെയ്ൻ അവതരിപ്പിച്ചത്. ഉപയോക്താക്കളുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുകയും അവരെ ബ്രാൻഡുമായി കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നതിലൂടെ നീണ്ടുനിൽക്കുന്ന ഒരു ഉപഭോക്തൃബന്ധമാണ് ഇതിലൂടെ ബ്രാൻഡ് സ്ഥാപിക്കുവാനൊരുങ്ങുന്നത്'', ഡബിൾ ഹോഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് മഞ്ഞില പറഞ്ഞു.

# കേരളത്തിലെ സൂക്ഷ്മ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ സിഐഐയുടെ പുതിയ സംരംഭം




*CII കേരള സംഘടിപ്പിച്ച കേരള സംരംഭക വികസനഫോറം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. CII ദക്ഷിണമേഖലാ ചെയർപേഴ്സൺ ഡോ. ആർ. നന്ദിനി, സി.ഐ.ഐ. ദക്ഷിണമേഖലാ ഡെപ്യൂട്ടി ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, സി.ഐ.ഐ. കേരള ചെയർമാൻ വിനോദ് മഞ്ഞില എന്നിവർ സമീപം.*

കൊച്ചി: കേരളത്തിലെ സൂക്ഷ്മ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ) നേതൃത്വം നൽകുന്ന കേരള എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ഫോറം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സി.ഐ.ഐ സെന്റർ ഓഫ് എക്സലൻസ് ഓൺ എംപ്ലോയ്മെന്റ് & ലൈവ്ലിഹുഡ് സ്ഥാപിച്ച ഫോറം തൊഴിൽ അന്വേഷകരെ തൊഴിൽദാതാക്കളാക്കി മാറ്റുകയും സൂക്ഷ്മ സംരംഭങ്ങൾക്ക് സമഗ്രമായ പിന്തുണ നൽകുന്നതിനും ലക്ഷ്യമിടുന്നു.

ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ) സമ്പദ്വ്യവസ്ഥയിൽ വഹിക്കുന്ന നിർണായക പങ്ക് മനസിലാക്കി കൊണ്ട് ഇത്തരം സംരംഭങ്ങളെ പിന്തുണക്കുകയാണ് ഫോറം കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളെ സൂക്ഷ്മ സംരംഭകരുമായി ബന്ധിപ്പിക്കുക, മെന്റർഷിപ്പ് പ്രോഗ്രാമുകൾക്ക് സൗകര്യമൊരുക്കുക, നൈപുണ്യ വികസനം ത്വരിതപ്പെടുത്തുക, വളർച്ച കൈവരിക്കാവുന്ന ബിസിനസ് മോഡലുകൾ വികസിപ്പിക്കുക എന്നിവയിൽ ഈ സെന്റർ ഓഫ് എക്സലൻസ് ശ്രദ്ധ കേന്ദ്രീകരിക്കും.

മെന്റർഷിപ്പ്, നെറ്റ്വർക്കിംഗ്, ശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ ഫോറം വാഗ്ദാനം ചെയ്യുന്നു. സൂക്ഷ്മ സംരംഭകർക്ക് വെല്ലുവിളികളെ അഭിസംബോധന ചെയ്യാനും വ്യവസായ മെന്റർഷിപ്പ് നേടാനും ബിസിനസ്സ് മാർഗ്ഗനിർദ്ദേശം സ്വീകരിക്കാനുമുള്ള വേദി ഫോറം ഒരുക്കും.

വി-ഗാർഡ് ഇൻഡസ്ട്രീസിന്റെ പിന്തുണയോടെ ആദ്യ ബാച്ചിലെ 50 സൂക്ഷ്മ സംരംഭകർക്ക് അവരുടെ ബിസിനസുകൾ വികസിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ, പരിശീലനം, വ്യവസായബന്ധങ്ങൾ എന്നിവ ലഭ്യമാക്കും. സംരഭകർക്ക് മെന്റർഷിപ്പ് നൽകുക നവാസ് മീരാനും, വിനോദ് മഞ്ഞിലയുമാണ്.

സംസ്ഥാനത്ത് സൂക്ഷമ

(ശേഷം 4-ാം പേജിൽ)

# ജയലക്ഷ്മി സിൽക്സിന്റെ പുതിയ ഷോറൂം പാലാരിവട്ടം ബൈപാസിൽ പ്രവർത്തനമാരംഭിച്ചു



*ജയലക്ഷ്മി സിൽക്സിന്റെ പുതിയ ഷോറൂം കൊച്ചി പാലാരിവട്ടം ബൈപാസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ജയലക്ഷ്മി ഡയറക്ടർ നാരായണ കമ്മത്ത്, മാനേജിംഗ് ഡയറക്ടർ ഗോവിന്ദ കമ്മത്ത്, സതീഷ് കമ്മത്ത്, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഹൈബി ഈഡൻ എം.പി. തുടങ്ങിയവർ സമീപം.*

കൊച്ചി: വസ്ത്രവ്യാപാര രംഗത്ത് ഏഴരപതിറ്റാണ്ട് പിന്നിട്ട ജയലക്ഷ്മി സിൽക്സിന്റെ പുതിയ ഷോറും കൊച്ചിയിലെ പാലാരിവട്ടം ബൈപാസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ വാണിജ്യ മേഖലയ്ക്ക് മൊത്തത്തിലും കൊച്ചിക്ക് പ്രത്യേകിച്ചും നേട്ടമുണ്ടാക്കുന്നതാണ് ജയലക്ഷ്മി. ഏതൊരാൾക്കും കേരളത്തിൽ നല്ലമനസ്സോടെ നിക്ഷേപം നടത്താമെന്നതിന്റെ തെളിവാണ് ജയലക്ഷ്മി സിൽക്സിന്റെ വളർച്ചയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി നിയന്ത്രിക്കുന്നത് വിപണികളാണെന്നും അവിടെ സ്ത്രീ ശാക്തീകരണത്തിനുകൂടി വഴിയൊരുക്കിയതിൽ ജയലക്ഷ്മിക്ക് വലിയ പങ്കാണുള്ളതെന്നും കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. എറണാകുളത്തിന്റെ അടയാളങ്ങളിലൊന്നായി ജയലക്ഷ്മി മാറുകയും മികച്ച ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നൽകിയാണ് വിജയം കൈവരിച്ചതെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. ഹൈബി ഈഡൻ എം.പി, ടി.ജെ. വിനോദ് എം.എൽ.എ., വാർഡ് കൗൺസിലർ ആർ. രതീഷ്, ജയലക്ഷ്മി മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് കമ്മത്ത്, ഡയറക്ടർമാരായ നാരായണ കമ്മത്ത്, സതീഷ് കമ്മത്ത്, സുജിത് കമ്മത്ത്, അഭിഷേക് കമ്മത്ത് എന്നിവർ സംസാരിച്ചു.

(ശേഷം 2-ാം പേജിൽ)



നവീനദ്രുമി

2025 ഫെബ്രുവരി 16 – 28 പുസ്തകം 12 ലക്കം 2

# കടൽ മണൽ ഖനനത്തിൽ ദുരൂഹ മൗനമോ?

ഇന്നിപ്പോൾ കേരളതീരത്ത് കേന്ദ്രസർക്കാരിന്റെ മണൽ ഖനനത്തിനുള്ള നീക്കത്തിനെതിരെ വലിയ പ്രതിഷേധമുയർന്നിരിക്കുകയാണ്. പ്രധാനമായും മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്നത് മണൽ ഖനനത്തിനുള്ള നീക്കത്തിൽനിന്നും കേന്ദ്രസർക്കാർ പൂർണമായും പിന്നോട്ടുപോകണം എന്നു തന്നെയാണ്. ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഹർത്താലിന് എൽ.ഡി.എഫ്., യു.ഡി.എഫ്. മുന്നണികളും ലത്തീൻ രൂപതയും ധീവര സഭയും തീരദേശത്തെ വിവിധ ജുമാ അത്തുകളും പിന്തുണ പ്രഖ്യാപിച്ചിരുന്നു. കൂടാതെ മത്സ്യ, അനുബന്ധ മേഖലകളിലെ തൊഴിലാളി സംഘടനകൾ, ഫിഷ് മർച്ചന്റ്സ് അസോസിയേഷൻ, ഐസ് ഫാക്ടറി ഉടമകളുടെ സംഘടനകൾ, ബോട്ടുടമകളുടെ സംഘടനകൾ എന്നിവയും ഒപ്പം ചേർന്നതോടെ തീരദേശത്തെ ജനങ്ങളുടെ ഐക്യത്തിന്റെ ശക്തി വ്യക്തമാക്കുന്നതായിരുന്നു.

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ തീര മേഖലയെ മാറ്റിയെടുക്കുന്ന കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി എന്ന നയത്തിന്റെ ഭാഗമായിട്ടാണ് തീര ദേശമേഖലകളിൽ നിന്ന് മണലും അതുപോലെ തന്നെ മറ്റു ധാതുക്കളും ഖനനം ചെയ്ത് എടുക്കാനുള്ള തീരുമാനത്തിലേക്ക് കേന്ദ്ര സർക്കാർ കടന്നത്. എന്നാൽ ഈ തീരുമാനം മത്സ്യസമ്പത്തിനെ തന്നെ ഇല്ലാതാക്കുകയും തീര മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന സുപ്രധാന തീരുമാനമാണ് മത്സ്യത്തൊഴിലാളികളുടെ ഭാഗത്തു നിന്നും വലിയ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയത്. തങ്ങളുടെ ഉപ ജീവന മാർഗ്ഗം തന്നെ ഇല്ലാതാക്കുകയും തീര മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതാണ് ഈ തീരുമാനം. അതിനെതിരെയാണിപ്പോൾ കൊല്ലത്തും മറ്റിടങ്ങളിലുമായി മത്സ്യത്തൊഴിലാളികളുടെ ഭാഗത്തു നിന്നും വലിയ എതിർപ്പുകൾ ഉയരുന്നത്.

ഏറ്റവും കൂടുതൽ മത്സ്യസമ്പത്തുള്ള കൊല്ലം ജില്ലയുടെ തീരത്തു നിന്നു മാത്രം 1400 കോടി രൂപയുടെ മണൽ വാരാനാണ് പദ്ധതി. ഇത് ഈ മേഖലയിൽ നിന്ന് മത്സ്യബന്ധനം പാടേ ഇല്ലാതാക്കാൻ ഇടയാക്കും. തീരത്തു നിന്ന് അകന്നാണ് മിക്ക മത്സ്യങ്ങളും മുട്ടയിടുന്നത് എന്നുള്ളതു കൊണ്ട് ഖനനം നടത്താനുദ്ദേശിക്കുന്നതും ഏതാണ്ട് ഇതേ ഭാഗത്തായതിനാൽ ദോഷകരമായേ അത് ബാധിക്കൂ. കടലിന്റെ അടിത്തട്ട് ഇളക്കി മറിക്കുന്ന ഖനനത്തിലൂടെ കടലിന്റെ പരിസ്ഥിതിയും സ്വഭാവവും ആകെ മാറിമറിയും. ഇത് മത്സ്യങ്ങളുടെ പ്രജനനത്തെയാണ് ബാധിക്കുന്നത്. അതുവഴി മത്സ്യസമ്പത്ത് കുറയുകയും ഈ മേഖലയിലെ ജനങ്ങളുടെ ജീവിതത്തെയും സാമ്പത്തിക സ്ഥിതിയെയും തകർക്കപ്പെടും എന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. കടൽ മണൽ ഖനനം കടലിന്റെയും അടിത്തട്ടിലെ പവിഴപ്പുറ്റുകളുടെയും മത്സ്യങ്ങളുടെ പ്രജനന കേന്ദ്രമായ പാറപ്പാരുകളുടെയും നാശത്തിന് വഴിവെക്കുമെന്നാണ് പഠനറിപ്പോർട്ട്. അതുപോലെ കേന്ദ്ര വന്യജീവിസംരക്ഷണ നിയമ പ്രകാരം അതീവ സംരക്ഷണം ആവശ്യമായ പവിഴപ്പുറ്റുകളുടെ നാശം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ തകർക്കുമെന്നും കേരള സർവകലാശാലയുടെ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് വിഭാഗം നടത്തിയ പഠനവും വ്യക്തമാക്കിയിട്ടുള്ളതാണ്. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ഉൾപ്പെടുന്ന മേഖലകളിൽ 787 മീറ്റർ താഴ്ചയിൽ ഇത്തരം പവിഴപ്പുറ്റുകളുടെ വൻ ശേഖരമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ മണൽ ഖനനം നടത്തുന്നത് ഇവയുടെ നില നില്പിനെ ഗുരുതരമായി ബാധിക്കുമെന്നാണ് പഠനത്തിന് നേതൃത്വം നൽകിയ വകുപ്പുമേധാവി പ്രൊഫ. എ. ബിജുകുമാർ വ്യക്തമാക്കിയത്.

കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി നയമാണ് കേരളത്തിലെ കടൽ ഖനനത്തിലേക്ക് എത്തിയിരിക്കുന്നത്. 2002-ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ ഡവലപ്മെന്റ് ആന്റ് റഗുലേഷൻ നിയമത്തിൽ 2023-ൽ കൊണ്ടുവന്ന സുപ്രധാന ഭേദഗതികളാണ് തീരക്കടൽ ഉൾപ്പെടെ ധാതു ഖനനത്തിന് വഴിതെളിച്ചിരിക്കുന്നത്. കേരളത്തിനു പുറമെ ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ കടലിൽ നിന്നും മണലും മറ്റു ധാതുക്കളും ഉൾപ്പെടെ ഖനനം ചെയ്യാൻ കേന്ദ്ര ഖനി മന്ത്രാലയം ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിരിക്കുകയാണ്. കാര്യമായ പഠനങ്ങളും പാരിസ്ഥിതിക ആഘാത പഠനവും നടത്താതെയുള്ള നീക്കമാണ് നടക്കുന്നതെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിലെ 600-ഓളം കിലോമീറ്റർ ദൂരമുള്ള തീരദേശത്തു നിന്നും 2500 കോടി രൂപയുടെ മണൽ വാരാനാണ് കേന്ദ്രത്തിന്റെ പദ്ധതി. കൊല്ലം, ആലപ്പുഴ, പൊന്നാനി, ചാവക്കാട് മേഖലകളിൽ നിന്ന് നിർമ്മാണത്തിനാവശ്യമുള്ള 74.5 കോടി ടൺ മണൽ ഖനനം ചെയ്യാമെന്നാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണക്കു കൂട്ടുന്നത്. ഈ പ്രക്രിയയിലൂടെ പ്രകൃതിക്കും മനുഷ്യനും നാശം വരുത്തുമെന്നത് വക വെയ്ക്കാതെ ഇതിൽ നിന്നുള്ള വരുമാനം മാത്രമേ കേന്ദ്രസർക്കാർ കാണുന്നുള്ളൂ എന്ന ആക്ഷേപമാണുള്ളത്.

പക്ഷെ, കേന്ദ്രസർക്കാർ അവരുടെ തീരുമാനവുമായി മുന്നോട്ടുപോകുമ്പോൾ ഇവിടെ കേരള സർക്കാരിന്റെ ഈ വിഷയത്തിലുള്ള നിലപാടുകളും നീക്കങ്ങളും വിമർശനങ്ങൾക്ക് വഴിവെച്ചിട്ടുണ്ടെന്നുള്ളത് എടുത്തു പറയേണ്ടിവരുന്നു. 2023-ൽ വന്ന പുതിയ നിയമ ഭേദഗതിയിൽ ധാതു മണൽ ഖനനം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കുന്നതാണ്. കേരളത്തിന് ഇതിൽ യാതൊരു റോളും ഇല്ലാതായി. തീരദേശത്തിന്റെ അവകാശം സംസ്ഥാനങ്ങൾക്കില്ലാതായി. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ കീഴിലും കേരള സർക്കാരിന്റെ കീഴിലും ഉള്ള കടൽ മണൽ ഖനനം ചെയ്യുന്ന രണ്ടു കമ്പനികൾ സ്വകാര്യമേഖലയിലാക്കണമെന്നതിനെ സംബന്ധിച്ചുള്ള കോലാഹലങ്ങൾ നടക്കുമ്പോൾ തീര മേഖലയും കോർപ്പറേറ്റുകൾക്കു കീഴിലാവുകയാണോ എന്നു തോന്നിപ്പോകും. കേന്ദ്രത്തിന്റെ ഈ നയം പാർലമെന്റിൽ ചർച്ചചെയ്യപ്പെട്ടിട്ടില്ല. എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഇതുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ അത് വിവാദവുമായി. കടൽ മണൽ ഖനനത്തെക്കുറിച്ച് മുഖ്യമന്ത്രി എന്തുകൊണ്ട് മിണ്ടുന്നില്ല എന്ന കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരന്റെ ചോദ്യവും അപ്രസക്തമാകുമ്പോൾ ഒരു ദുരൂഹമൗനം സംസ്ഥാന സർക്കാരിനില്ലേ എന്നു കരുതേണ്ടിയിരിക്കുന്നു. ഇതു കേവലം കടൽ മണൽ ഖനനത്തിന്റെ മാത്രം വിഷയമല്ല. സംസ്ഥാനങ്ങളുടെ അവകാശങ്ങളുടെ കൂടി പ്രശ്നമാണ്.



# കേരളത്തിലെ സ്ത്രീ വിമോചന പോരാട്ടങ്ങൾ

കാരൂർ സോമൻ (ചാരുംമൂടൻ)

ഐക്യരാഷ്ട്ര സഭ 1975-ലാണ് അന്താരാഷ്ട്രവനിതാ ദിനം ആചരിച്ചത്. നമ്മുടെ സ്ത്രീശാക്തീകരണ പ്രക്രിയ നടക്കുമ്പോഴാണ് മലയാളിയായ നബീസുമ്മയുടെ മണാലി യാത്രയെ, സ്ത്രീകൾ ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പാടില്ല ബന്ധുക്കൾ ഒപ്പമുണ്ടായിരിക്കണമെന്ന മതപുരോഹിതരുടെ മനോഭാവങ്ങൾ താമരപ്പൂവ് വിടരുന്നതുപോലെ വിടർന്നു് വന്നത്. ഒരു മതത്തിൽ ജനിച്ചതുകൊണ്ട് ദുഃഖ ദുരിതംപേറി ജീവിക്കേണ്ടവ രാണോ നമ്മുടെ അമ്മമാർ, സഹോദരികൾ, ഭാര്യമാർ.ഒരു വിഭാഗം മത പുരോഹിതർ മതത്തെ കോരികുടിക്കുന്ന തിന്റെ ഹൃദയ വ്യഥകൾ ഇന്ന് ലോകമെങ്ങുമുള്ള മലയാളികളെ വല്ലാതെ മുറിവേൽപ്പിക്കുന്നുണ്ട്. ഈ വിഷയ ത്തിൽ മൗനികളായ സാഹിത്യ നായകന്മാരോടും, ഭരണ-പ്രതിപക്ഷത്തോടും പലരും ചോദിക്കുന്നത് ഇവർക്കെ തിരെ ശബ്ദിക്കാൻ, എഴുതാൻ നട്ടെല്ലുണ്ടോ? അതിനുള്ള ഉത്തരവും അവർ തന്നെ പറയുന്നു. എഴുത്തുകാർ അധികാരികളെ വെറുപ്പിച്ചാൽ പട്ടും പുടവയും കിട്ടില്ല.രാഷ്ട്രീയ പാർട്ടികൾ മത പ്രീണനം നടത്തിയാണ് അധികാരത്തിലെത്തുന്നത്. വായ് തുറന്നാൽ വോട്ട് കിട്ടില്ല.അവർക്ക് മതമാണ് വലുത് മനുഷ്യനല്ല. ഈ സ്ത്രീവിരുദ്ധ ചിന്തയും പിന്തിരിപ്പൻ നയവുമായി ഇവർ എങ്ങനെ കേരളത്തിൽ ജീവിക്കുന്നു? ലോകമെങ്ങും ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾ, പെൺകുട്ടികളെ ഞാൻ എത്രയോ കണ്ടിരിക്കുന്നു. ഇവരൊക്കെ ആറാം നൂറ്റാണ്ടിലാണോ ജീവിച്ചിരിക്കുന്നത്?

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ സാമൂഹ്യ സാംസ്കാരിക പരിവർത്തന സാക്ഷരതയിലൂടെ കടന്നുവന്ന ഒരു ജനതയുടെ ധൈഷണികമായ, സാംസ്കാരികമായ, മത രാഷ്ട്രീയമായ ബോധമണ്ഡലം എവിടെ നിൽക്കുന്നുവെന്ന് ഒരു ചോദ്യമുയരുന്നു. 1920-ൽ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന് പഠിപ്പിച്ച ഗുരു ദേവൻ, ഗീത പഠിപ്പിച്ച സൽകർമ്മങ്ങൾ, ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തു, ഖുറാനിലെ ഖുല്ലും വാഹദ് (എല്ലാം ഒന്നുതന്നെ) ഇതെല്ലാം പഠിച്ച നാട്ടിൽ നിന്നെന്താണ് സ്ത്രീ വിരുദ്ധതയും, ജാതി ചിന്തകളും, സ്പർധകളുമുയരുന്നത്? ദാരിദ്ര്യത്തിൽ കഴിഞ്ഞ മലയാളികൾ ഗൾഫിൽ പോകുകയും സമ്പത്തു് വർദ്ധിക്കയും ചെയ്തതാണോ ഇന്നത്തെ സ്വാർത്ഥത,അഹന്ത, അഹംങ്കാരം,വർഗ്ഗീയ ജാതി ചിന്തകൾക്ക് വള മായത്?

മതവിശ്വാസികളിൽ കുടികൊള്ളേണ്ടത് ആത്മാവിന്റെ പ്രവർത്തനങ്ങളാണ്. അതിലൂടെ ലഭിക്കുന്നത് സാംസ്കാരികമായ പരിവർത്തനമാണ്. ഭാരതീയ സംസ്കാരത്തിൽ മതവിശ്വാസികൾ ഈശ്വരനെ മഹത്വപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.അതിലൂടെ മനുഷ്യരുടെ വീണ്ടെടുപ്പാണ് അവർ ലക്ഷ്യം വെച്ചത്. ഭാരതമടക്ക മുള്ള ലോകജനത അങ്ങനെയാണ് പുതുജീവനും ശക്തിയും പ്രാപിച്ചത്. അവിടെയാണ് കേരളത്തിലെ ഒരു വിഭാഗം മതപുരോഹിതർ കടയ്ക്കൽ കത്തിവെച്ചിരിക്കുന്നത്. ഇപ്പോൾ കണ്ടറിയാത്തവർ കൊണ്ടറിയും എന്ന നിലയിലെത്തിയിരിക്കുന്നു. എത്രയോ പാവം സ്ത്രീകൾ വീടുകൾക്കുള്ളിൽ നിശ്ശബ്ദനൊമ്പരങ്ങളുമായി തടവ റയിൽ കഴിയുന്നവരെപോലെ ജീവിക്കുന്നു. മതപുരോഹിതരുടെ ഈ പഴഞ്ചൻ ആശയത്തെ സ്ത്രീവിമോചന പോരാളികൾ കണ്ടില്ലേ?

ഇന്ത്യയുടെ മുഖമുദ്ര ഭരണഘടന നൽകുന്ന സ്വാതന്ത്ര്യമാണ്. മതാചാരങ്ങൾ മതപുരോഹിതൻ വികലമായ സന്ദേശങ്ങളാക്കരുത്. കേരളമടക്കം ഇന്ത്യയിൽ വിദ്യാഭ്യാസമില്ലാത്ത, തൊഴിലില്ലാത്ത സ്ത്രീകൾ കടുത്ത വിവേചനമാണ് നേരിടുന്നത്. ഈ രംഗത്തു് ബോധവതികളായ, വിദ്യാസമ്പന്നരായ പെൺകുട്ടികൾ, സ്ത്രീകൾ പുരുഷാധിപത്യത്തെ അംഗീകരിക്കുന്നവരല്ല. അത് പാശ്ചാത്യ രാജ്യങ്ങളിലെങ്ങും കാണാറുണ്ട്. അതിന്റെ പ്രധാന കാരണം മതമതിലുകൾ, മതവർഗ്ഗീയ രാഷ്ട്രീയം ഇവിടെ വിലപ്പോവില്ല. അതിന്റെ പ്രധാന കാരണം അവർ അഭ്യസ്തവിദ്യരാണ്.മതചങ്ങലകൾ അവരെ വരിഞ്ഞുമുറുക്കുന്നില്ല.മതപഠനവുമില്ല. അവർ വായനയിലൂടെയാണ് വളരുന്നത്. സ്ത്രീകൾ മാനസികമായോ ശാരീരികമായോ പീഡനങ്ങൾ ഏറ്റുവാങ്ങുന്നില്ല. ദാമ്പത്യ ജീവിതത്തിൽ ഭാര്യയോട് അമർഷത്തോടെ ഒരു വാക്ക് പറയാൻപോലും ഭർത്താക്കന്മാർക്ക് ഭയമാണ്. കാരണം ഇരുമ്പഴിയെണ്ണുമെന്നറിയാം. കുട്ടികളെപ്പോലും ശകാരിക്കാൻ സാധിക്കില്ല. പരാതിയുണ്ടായാൽ കുഞ്ഞിനെ വളർത്തുന്നത് സർക്കാരാണ്. മതപുസ്തകങ്ങൾ മാത്രം വായിച്ചുവളരുന്നതുകൊണ്ടാണ് സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി ഇതുപോലുള്ള പുരുഷന്മാർ കാണുന്നത്. 1926-ൽ മുസ്ലിം സ്ത്രീ ശാസ്ത്രീകരണത്തിന് വേണ്ടി 'മഹിള' എന്ന മാസികയും 1946-ൽ 'ഭാരത ചന്ദ്രിക' മാസികയുടെ സബ് എഡിറ്റർ വൈക്കം മുഹമ്മദ് ബഷീർ ആയിരിന്നു. ഇന്ന് സ്ത്രീ നവോദ്ധാനത്തിന് വേണ്ടി നിലകൊള്ളുന്ന എത്ര മാസികകളുണ്ട്?

ബ്രാഹ്മണാധിപത്യം നമ്മിൽ നിന്നകന്നിട്ടും, 1822 ചാന്നാർ ലഹളയെ അടിച്ചമർത്താൻ ശ്രമിച്ച മേൽജാ തിയും, തിരുവിതാംകൂർ രാജഭരണത്തെ പിന്തുണയ്ക്കാതെ അന്നത്തെ ക്രിസ്ത്യൻ മിഷനറിമാർ നൽകിയ പിന്തുണയോടെ ചാന്നാർ സ്ത്രീകൾ മുല മറയ്ക്കാൻ തുടങ്ങിയത്. 2025-ൽ എത്തിനിൽക്കുമ്പോൾ 1822-ലെ ബ്രാഹ്മണാധിപത്യത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നു.ഇത്തരത്തിൽ സ്ത്രീകളെ ചങ്ങലക്കിടുന്ന, അടിമയാക്കുന്ന, അയിത്തജാതിയാക്കുന്ന നാട്ടിലാണ് നവോദ്ധാനം ഘോരഘോരം പ്രസംഗിക്കുന്നത്. ഇങ്ങനെയുള്ള മതപുതപ്പിൽ ജീവിക്കുന്ന വിദ്യാസമ്പന്നർപോലും ആരാധന അർപ്പിക്കുന്നത് ഈശ്വരനല്ല മതത്തിനാണ്. കാക്ക ഓട്ടക്കലത്തിൽ നോക്കുംപോലെ എല്ലാം കണ്ടു് കഴിയുന്ന കർമ്മധീരരുടെ നാട്.

ഒരു സ്ത്രീ ഒറ്റയ്ക്ക് യാത്ര ചെയ്യരുതെന്നും കുട്ടികൾക്കൊപ്പം ആന്യനാട്ടിലേക്ക് സഞ്ചരിക്കരുതെന്നും നവോദ്ധാന നാട്ടിൽ നിന്ന് വിളംഭരം ചെയ്തപ്പോൾ കേരളത്തിലെ ഫെമിനിസ്റ്റുകൾ, എഴുത്തുകാരികൾക്ക് സ്ത്രീവിമോചനത്തെപ്പറ്റി ഒന്നും പറയാനില്ല. ഒരു ഭാഷയുടെ ആത്മാവറിയാത്ത എഴുത്തുകാരെപോലെ ആത്മാ വിന്റെ പ്രപഞ്ച തേജസ്സ് എന്തെന്നറിയാത്ത ഒരു ജനത്തെ കാട്ടിലൂടെ നയിക്കുന്ന ഏത് ഇടയനായാലും ആട്ടിൻപറ്റങ്ങൾ വഴിതെറ്റുകതന്നെ ചെയ്യും. ഇടയൻ ആട്ടിൻപറ്റങ്ങളെ നേർവഴിക്ക് നടത്തേണ്ടവരാണ്. അതിന് പകരം പുരാതന ഗോത്രസംസ്കാരത്തിലുള്ള പരസ്പര പോരാട്ടങ്ങളാണ് പഠിപ്പിക്കുന്നത്. ഏത് ജാതി മതമായാലും പുരുഷനുള്ള തുല്യത സ്ത്രീയ്ക്കും ലഭിക്കണം. അതിനെയാണ് സമത്വം എന്ന് പറയുന്നത്.അത് ലഭിക്കാതെവരുമ്പോൾ പെറ്റമ്മയെ സ്നേഹിക്കുന്നവർ ഈ ജാതികൃത തീണ്ടലിനെ എതിർക്കതന്നെ ചെയ്യും. മാതൃത്വമില്ലതെ പിതൃത്വമില്ല എന്നത് മതപുരോഹിതരിൽ നിന്ന് കേൾക്കേണ്ടയാവശ്യമില്ല. ഈ ശാസ്ത്ര യുഗ ത്തിൽ സ്ത്രീകൾ അന്യ ഗ്രഹത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വിഭാഗം സ്ത്രീകളെ കാടൻ യുഗ ത്തിലേക്ക് തള്ളിവിടുന്നത് പിന്തിരിപ്പൻ പ്രവണതയാണ്. ആ വിഭാഗത്തിലുള്ള യൗവനക്കാരാണ് ഇതിനെ എതിർക്കേണ്ടത്. പല മതങ്ങളിലും അന്ധമായ വിശ്വാസങ്ങൾ, ആചാരങ്ങൾ കുത്തിനിറച്ചുവെച്ചിരിക്കുന്നു. മതപുരോഹിതരിൽ നിന്ന് ഇതുപോലുള്ള ഒറ്റമൂലികളും ലഭിക്കുന്നു.

ഇന്നു വരെ സാമൂഹ്യപ്രതിബദ്ധതയുള്ള മത രാഷ്ട്രീയ സാംസ്കാരിക നായകന്മാർ ഇതിനോട് പ്രതികരി ച്ചിട്ടില്ല. തെറ്റ് കണ്ടാൽ തിരുത്തേണ്ടവരല്ലേ? ഇവരൊക്കെ മതരാഷ്ട്രീയ പരസ്യവലകളിൽ കുരുങ്ങിയവരാണ്. മനംമയക്കുന്ന വാഗ്ദാനങ്ങൾ നൽകി, ജാതിപേരും പറഞ്ഞു വോട്ടുപെട്ടി നിറച്ചു അധികാരത്തിലെത്തി സുഖ ലോലുപരായി ജീവിക്കാൻ ഭാഗ്യം ലഭിച്ചവർ. യോഗ്യരായവരാണ് നാട് ഭരിക്കേണ്ടത് അല്ലാതെ പൗരോഹിത്യത്തിന് വഴങ്ങി കൂട്ടുകച്ചവടം നടത്തുന്ന നാട്ടിൽ ഇതുപോലുള്ള പുരോഗതിയാണ് ലഭിക്കുക. കപട ആത്മീയതയുള്ളവരാകട്ടെ ബോധപൂർവ്വം മത-ദൈവങ്ങളെ അണിനിരത്തി ഭയം, ഭീതി മനുഷ്യരിലുണ്ടാക്കുന്നു. ഭക്തിയുടെ നിറവിലും പ്രാർത്ഥനയിലും ജീവിക്കുന്നവർക്ക് ദൈവത്തെയറിയാൻ ഒരു ഇടനിലക്കാരന്റെ ആവശ്യമുണ്ടോ? ഒരു പുരോഹിതൻ വേണമെങ്കിൽ എന്തുകൊണ്ടാണ് അവർ പഠിപ്പിച്ചുവിടുന്നവർ വഴിതെറ്റി പോകുന്നത്? നിരാലംബരായ സ്ത്രീകൾ എന്തുകൊണ്ട് നെടുവീർപ്പിടുന്നു? ഇതുപോലുള്ള പഴഞ്ചൻ നിലപാടുകളുമായി മുന്നോട്ട് വരുന്നവരെ പൊളിച്ചടുക്കി കൊടുക്കാൻ മനോധൈര്യമുള്ള സ്ത്രീകൾ തന്നെയാണ് മുന്നോട്ട് വരേണ്ടത്. ഇവർ തരുന്ന മലീമസമായ ആത്മാവിനേക്കാൾ വിലപ്പെട്ടത് ആത്മാഭിമാനമാണ്.

കേരളത്തിൽ വേണ്ടത് സ്ത്രീശക്തികരണമാണ് സ്ത്രീവിരുദ്ധതയല്ല. സ്ത്രീകൾ, പെൺകുഞ്ഞുങ്ങൾ ധാരാളമായി പലവിധത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കാലിടറാതെ സ്വന്തം കാലിൽ ഉറച്ചു നിന്ന് മത പുരുഷ മേധാവിത്വത്തിനെതിരെ ധൈര്യമായി ഒറ്റകെട്ടായി പോരാടുകയാണ് വേണ്ടത് കീഴടങ്ങുകയല്ല. അത് ഭാവി തലമുറയിലെ പെൺകുട്ടികൾക്ക് തലയുയർത്തി നടക്കാനുള്ള ധൈര്യവും സുഗന്ധവും സൗന്ദര്യവുമാണ്.

# ബ്രഹ്മപുരത്തെ ഫാബ്കോ ബയോ സൈക്കിളിന്റെ ജൈവമാലിന്യ സംസ്കരണകേന്ദ്രം മികച്ച മാതൃക: മന്ത്രി എം.ബി. രാജേഷ്



ബ്രഹ്മപുരത്തെ ഫാബ്കോ ബയോ സൈക്കിളിന്റെ ജൈവമാലിന്യ സംസ്കരണകേന്ദ്രം സന്ദർശിക്കുന്ന തദ്ദേശ സ്വയഭരണവകുപ്പ് മന്ത്രി എം.ബി. രാജേഷിന് പദ്ധതിയെക്കുറിച്ചു ഫാബ്കോ ഡയറക്ടർമാരായ പി.വി. നിയാസ്, പി.എ. ലത്തീഫ് എന്നിവർ വിശദീകരിക്കുന്നു. കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ എന്നിവർ സമീപം.

കൊച്ചി: കേരളത്തിലെ നഗരങ്ങളിലെ മാലിന്യപ്രശ്നത്തിന് പരിഹാരമായി അവലംബിക്കാൻ കഴിയുന്ന ഒരു മാതൃക പദ്ധതിയാണ് ഫാബ്കോ ബയോ സൈക്കിൾ ബ്രഹ്മപുരത്ത് സ്ഥാപിച്ച അത്യാധുനിക ജൈവമാലിന്യ സംസ്കരണകേന്ദ്രമെന്ന് തദ്ദേശ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അഭിപ്രായപ്പെട്ടു. ബ്ലാക്ക് സോൾജിയർ ഫ്ളൈ (ബി.എസ്.എഫ്) ഉപയോഗിച്ചു ജൈവമാലിന്യങ്ങളിൽ നിന്ന് പ്രോട്ടീൻ ഉല്പാദിപ്പിക്കുന്ന ആധുനിക മാതൃകയിലുള്ള ജൈവമാലിന്യ സംസ്കരണകേന്ദ്രം സന്ദർശിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൈവമാലിന്യ സംസ്കരണത്തിലെ പുതിയ മാതൃകയാണ് ബ്ലാക്ക് സോൾജിയർ ഫ്ളൈയെ ഉപയോഗിച്ചുള്ള സംസ്കരണ രീതി. കഴിഞ്ഞദിവസം ദുബായിൽ നിന്നുമുള്ള പ്രതിനിധിസംഘം ഇവിടെ സന്ദർശിക്കുകയും ഇതേ മാതൃക അവിടെ നടപ്പാക്കാനും ഒരുങ്ങുകയാണ്. കേരളത്തിൽ നിന്നുള്ള ഇത്തരമൊരു സാങ്കേ 12,000 ടൺ മാലിന്യം ബ്ലാക്ക് സോൾജിയർ ഫ്ളൈ എന്ന ലാർവ ഉപയോഗിച്ച് സംസ്കരിച്ചു മൂല്യവർധിത ഉൽപ്പന്നമായ പോഷകമാക്കി മാറ്റി. ഫ്രാസ് എന്ന വളവും ഇതിൽനിന്ന് ഉല്പാദിപ്പിക്കാൻ കഴിയുന്നു. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മാലിന്യം കൈകാര്യം ചെയ്യുന്ന ഒരു രീതിയാണ് ഇത്. ഇന്ത്യയിലെ തന്നെ ആദ്യ പദ്ധതിയാണ് ഇത്. ഇത്രയധികം അളവിൽ മാലിന്യം സംസ്കരിക്കുന്ന നിലവിൽ മറ്റൊരു പദ്ധതി ഇല്ല.

മന്ത്രിയോടൊപ്പം കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, ഫാബ്കോ ഡയറക്ടർമാരായ പി.വി. നിയാസ്, പി.എ. ലത്തീഫ് എന്നിവരും ഉണ്ടായിരുന്നു.

# ജയലക്ഷ്മി സിൽക്സ്



പാലാരിവട്ടം ബൈപാസിലെ ജയലക്ഷ്മി സിൽക്സിന്റെ പുതിയ ഷോറൂം

(1-ാം പേജിൽ നിന്നും തുടർച്ച.....).

1947-ൽ നരസിംഹ കമ്മത്താണ് ഭാര്യ ജയലക്ഷ്മിയുടെ പേരിൽ ജയലക്ഷ്മി സിൽക്സ് എന്ന സ്ഥാപനം ആരംഭിച്ചത്. ഈ സ്ഥാപനത്തിൽ 1985 മുതൽ സ്ത്രീസാന്നിദ്ധ്യം പ്രകടമായിരുന്നു. ഇത് സ്ത്രീശാക്തീകരണത്തിന്റെ തെളിവായി മാറിയിരിക്കുകയാണ്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ഏഴ് ഭിന്നശേഷി വിഭാഗത്തിലുള്ളവരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഇന്നിപ്പോൾ മംഗളൂരു, കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലും കൊച്ചിയിൽ എം.ജി. റോഡിലും, ഇപ്പോൾ പാലാരിവട്ടത്തുമായി ആറ് ഷോറൂമുകളാണ് ജയലക്ഷ്മിക്കുള്ളത്. മൂവായിരത്തോളം പേർ ജോലി ചെയ്യുന്ന ജയലക്ഷ്മിയുടെ കൊച്ചിയിലെ പുതിയ ഷോറൂമിൽ 450-ഓളം ജോലിക്കാരാണുള്ളത്. മൂന്നു ലക്ഷം സ്ക്വയർഫീറ്റിലുള്ള ബിൽഡിംഗിൽ മൂന്നു നിലകളിലായിട്ടാണ് വ്യത്യസ്തങ്ങളായ വസ്ത്ര ശേഖരങ്ങൾ ഒരുക്കിയിരിക്കുന്നത്. ബെയ്സ്മെന്റിലും മുകളിലുമായി കാർപാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വിവാഹ വസ്ത്രങ്ങളും ഉത്സവകാല വസ്ത്രങ്ങളും ലഭ്യമായ ഷോറൂമിൽ സാരികൾ കൂടാതെ പുരുഷന്മാരുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ ലഭ്യമാകും.

അടുത്ത മൂന്നു വർഷത്തിനകം ബിസിനസ് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടയം, കണ്ണൂർ, കൂടാതെ കർണാടക, ഹൈദരാബാദ് എന്നിവിടങ്ങളിലും ഷോറൂമുകൾ ആരംഭിക്കുവാനും ഇ-കൊമേഴ്സ് വ്യാപാരരംഗത്തും ശക്തമായ സ്വാധീനം സാധ്യമാക്കാനും ആലോചനയുള്ളതായി ഡയറക്ടർമാരായ നാരായണ കമ്മത്ത്, സതീഷ് കമ്മത്ത്, സുജിത് കമ്മത്ത്, അഭിഷേക് കമ്മത്ത്, ഉല്ലാസ് കമ്മത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജയദേവ് ഷെട്ടി എന്നിവർ പറഞ്ഞു. ഇപ്പോൾ പ്രവർത്തനമാരംഭിച്ച പുതിയ കെട്ടിടത്തിലായിരിക്കും ജയലക്ഷ്മിയുടെ കോർപ്പറേറ്റ് ഓഫീസും പ്രവർത്തിക്കുക.

# സിയാലിനു സമീപം പുതിയ റെയിൽവേ സ്റ്റേഷൻ വരുന്നു

തിരുവനന്തപുരം: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത് (സിയാൽ) റെയിൽവേസ്റ്റേഷൻ വരുന്നു. കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ ഇടപെടലിനെ തുടർന്ന് ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ആർ.എൽ. സിങ്ങ് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്.




പുതിയ രൂപരേഖയിൽ സ്റ്റേഷന്റെ സ്ഥാനം സോളാർപാടത്തിന്റെ ഭാഗത്തിലേക്ക് നീട്ടിയിട്ടുണ്ട്. ട്രാക്കിന് സമീപം ഇരുവശത്തും റെയിൽവേയുടെ ഭൂമി ലഭ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 19 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അംഗീകാരം ലഭ്യമാകുന്നതോടെ കരാർ ക്ഷണിച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. റെയിൽവേസ്റ്റേഷന് കൊച്ചിൻ എയർപോർട്ട് എന്ന പേരാണ് ശുപാർശ ചെയ്തിരിക്കുന്നത്.

അത്താണി ജംഗ്ഷൻ - എയർപോർട്ട് റോഡിലെ മേൽപാലം കഴിഞ്ഞാകും പ്ലാറ്റ്ഫോം തുടങ്ങുക. 24 കോച്ച് ട്രെയിനുകൾ നിർത്താനാകുന്ന രണ്ടു പ്ലാറ്റ്ഫോമുകൾ നിർമ്മിക്കും. രണ്ട് വന്ദേഭാരത് ട്രെയിനുകൾക്കും ഇന്റർസിറ്റി ട്രെയിനുകൾ ഉൾപ്പെടെയുള്ള വയ്ക്കും സ്റ്റോപ്പുണ്ടാകും. പ്ലാറ്റ്ഫോമിൽ നിന്ന് പുറത്തേക്കിറങ്ങുന്നത് റൺവേയുടെ അതിർത്തിയിലുള്ള ചൊവ്വര നെടുവന്നൂർ എയർപോർട്ട് റോഡിലേക്കാണ് മേൽപാലത്തിനു താഴെയുള്ള റോഡിലൂടെ ഒന്നര കിലോമീറ്റർ സഞ്ചരിച്ചാൽ വിമാനത്താവളത്തിലെത്തും. ഈ റൂട്ടിൽ ഇലക്ട്രിക് ബസ് ഏർപ്പെടുത്താമെന്ന് കൊച്ചി വിമാനത്താവള കമ്പനി അധികൃതർ റെയിൽവേയെ അറിയിച്ചിട്ടുണ്ട്.

ഇ. അഹമ്മദ് കേന്ദ്രമന്ത്രിയായിരിക്കെ 2010-ൽ നെടുമ്പാശ്ശേരിയിൽ റെയിൽവേസ്റ്റേഷൻ തറക്കല്ലിട്ടിരുന്നെങ്കിലും പദ്ധതി മുന്നോട്ടുപോയില്ല. ബെന്നി ബഹനാൻ എം.പി. ലോക്സഭയിൽ വിഷയം ഈയിടെയും ഉന്നയിച്ചിരുന്നു.

# പനങ്ങാട് നിന്നും ഗുരുവായൂർ ഉത്സവത്തിന് കൊടിക്കയർ

വർഷങ്ങളായി ഗുരുവായൂർ ക്ഷേത്ര ഉത്സവത്തിനായി ഉയർത്താനുള്ള കൊടിക്കയർ ഈ വർഷവും പനങ്ങാട് മുണ്ടേമ്പള്ളി മഹാവിഷ്ണു ക്ഷേത്രത്തിൽനിന്നും ഭാരവാഹികൾ ഗുരുവായൂരിലെത്തിച്ച് ക്ഷേത്രം തന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സമർപ്പിച്ചു.

മുണ്ടേമ്പള്ളി മഹാവിഷ്ണു ധർമ്മപരിപാലനസമിതി പ്രസിഡന്റ് ബാബു മുണ്ടേമ്പള്ളി, സെക്രട്ടറി സി.എം. മഹേഷ്, ട്രഷറർ കെ.വി. പ്രദീപൻ, ഷാജി ചിറ്റനാട്ട് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു 165 അടിയോളം നീളമുള്ള ഒറ്റക്കയർ ചുവന്നപട്ടിൽ പൊതിഞ്ഞ് ക്ഷേത്രത്തിൽ എത്തിച്ചത്.

# ബാങ്ക് ഓഫ് ബറോഡ തൃശൂരിൽ പുതിയ ശാഖ തുറന്നു

കൊച്ചി: ബാങ്ക് ഓഫ് ബറോഡയുടെ കേരളത്തിലെ സാന്നിദ്ധ്യം വിപുലീകരിക്കുന്നതിന്റെ ഭാഗമായി തൃശൂർ തിരുവില്വാമലയിൽ പുതിയ ശാഖ പ്രവർത്തനമാരംഭിച്ചു. ബാങ്ക് ഓഫ് ബറോഡയുടെ തൃശൂർ റീജണിലെ 56-ാമത്തെ ശാഖയാണ് തിരുവില്വാമല പഴയന്നൂർ റോഡിലെ സുബി മാളിൽ പ്രവർത്തനം തുടങ്ങിയത്.

പുതിയ ശാഖയുടെ ഉദ്ഘാടനം എ.ആർ. ഹാൻഡ്ലൂംസ് മാനേജിംഗ് പാർട്ണർമാരായ ആർ. രാജ്കുമാർ, എ. അരവിന്ദ് എന്നിവർ സംയുക്തമായി നിർവഹിച്ചു. ബാങ്ക് ഓഫ് ബറോഡ എറണാകുളം സോണൽ ജനറൽ മാനേജരും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ, തിരുവില്വാമല ബ്രാഞ്ച് മാനേജർ ടി.കെ. സിബികുമാർ, ബാങ്ക് ഓഫ് ബറോഡ തൃശൂർ റീജണൽ ഹെഡ് പി. വിമൽജിത്ത് എന്നിവർ സന്നിഹിതരായിരുന്നു.

# ഈസ്റ്റേൺ ഇനി പുതിയ രൂപത്തിലും രുചിയിലും

**പുതിയ ലോഗോ, ബ്രാൻഡ് ഐഡന്റിറ്റി, ഒപ്പം 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' എന്ന പുതിയ ഉൽപ്പന്ന ശ്രേണിയും അവതരിപ്പിക്കുന്നു**




*ഈസ്റ്റേൺ പുതിയ ലോഗോയും, നൂതന പാക്കേജിങ്ങിലൂടെ 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' എന്ന ശ്രേണിയിലെ ഷവർമ മസാല, കബ്സ മസാല എന്നീ പുതിയ ഉൽപന്നങ്ങൾ ഈസ്റ്റേൺ സി.ഇ.ഒ ഗിരീഷ് നായർ, സി.എം.ഒ. മനോജ് ലാൽവാനി, ഇന്നോവേഷൻസ് ഹെഡ് ശിവപ്രിയ ബാലഗോപാൽ എന്നിവർ ചേർന്ന് പുറത്തിറക്കുന്നു.*

കൊച്ചി: നാല് പതിറ്റാണ്ടിലേറെയായി കേരളത്തിന്റെ തനത് പാചകസംസ്കാരത്തിന്റെ അവിഭാജ്യഘടകമായ ഈസ്റ്റേൺ, പുതിയ രൂപത്തിലും രുചിയിലും ഉപഭോക്താക്കൾക്ക് പുതിയ അനുഭവം നൽകാനൊരുങ്ങുകയാണ്. മാറുന്ന കാലഘട്ടത്തിനനുസരിച്ച് ഉപഭോക്താക്കളുടെ മാറുന്ന ഇഷ്ടങ്ങൾ കൂടി പരിഗണിച്ച്, സ്വയം നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റം.

പുതിയ ലോഗോയും ബ്രാൻഡ് ഐഡന്റിറ്റിയുമായി എത്തുന്ന ഈസ്റ്റേൺ, തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിച്ച് കൊണ്ടുള്ള ഒരു നവീകരണമാണ് ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെയും മസാലകളുടെയും വിവിധ പാചക വിഭവങ്ങൾ ഒരുക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഈസ്റ്റേൺ, പുതിയ ലോഗോയിലും പാക്കേജിംഗിലും നാല് പതിറ്റാണ്ടിന്റെ സത്തയും ആധുനികതയും ഒരുപോലെ ഉൾക്കൊള്ളിച്ചിരിക്കുന്നു.

മാറ്റത്തിന്റെ ഭാഗമായി, 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' എന്ന പുതിയ ഭക്ഷണ ഉൽപ്പന്ന ശ്രേണിയും ഈസ്റ്റേൺ അവതരിപ്പിക്കുന്നു. മലയാളികളുടെ പ്രിയപ്പെട്ട അറേബ്യൻ വിഭവങ്ങളെ കേരളത്തിന്റെ വീട്ടകങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഈ ഉൽപ്പന്നങ്ങളുടെ ലക്ഷ്യം. ഷവർമ മസാല, കബ്സ മസാല എന്നിവയാണ് ആദ്യമായി പുറത്തിറക്കുന്നത്. 50 ഗ്രാമിന് 50 രൂപയാണ് വില. എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും.

'നാല് പതിറ്റാണ്ടിലേറെയായി ഈസ്റ്റേൺ കേരളത്തിന്റെ പ്രിയപ്പെട്ട ഭക്ഷണ ഉൽപ്പന്ന ബ്രാൻഡാണ്. എളുപ്പത്തിൽ പാചകം ചെയ്യാൻ കഴിയുന്ന പാചക വിഭവങ്ങൾ കൊണ്ട് തന്നെ ഈസ്റ്റേൺ കേരള സമൂഹത്തിന്റെ വലിയ വിശ്വാസ്യത നേടിയിട്ടുണ്ട്. മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ടുള്ള ഒരു പുതിയ മാറ്റത്തിനാണ് ഈസ്റ്റേൺ ശ്രമിക്കുന്നത്. ഇത്രയും വർഷം കൊണ്ടുണ്ടാക്കിയ പാരമ്പര്യത്തെ അതേപടി നിലനിർത്തിയുള്ള പുതിയ മാറ്റം കൂടുതൽ പേരിലേക്ക് ഞങ്ങളുടെ സേവനങ്ങൾ എത്തിക്കാൻ സാധിക്കും. ഈ മാറ്റത്തിന് നാന്ദി കുറിച്ച് കൊണ്ട് അറേബ്യൻ വിഭവങ്ങളുടെ പുതിയ ശ്രേണിയായ 'ഫ്ളേവേഴ്സ് ഓഫ് അറേബ്യ' കൂടി ഞങ്ങൾ അവതരിപ്പിക്കുകയാണ്. ഈസ്റ്റേൺ രുചിയുടെയും ഗുണനിലവാരത്തിന്റെയും ഉറപ്പുമായി ഈ ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിൽ ഞങ്ങൾ അതിയായ സന്തോഷമുണ്ട്' - ഈസ്റ്റേൺ സി.ഇ.ഒ ഗിരീഷ് നായർ പറഞ്ഞു. റെസ്റ്റോറന്റ് ശൈലിയിലുള്ള അറേബ്യൻ രുചികൾ വീട്ടിലെ അടുക്കളകളിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടുള്ള 'ഹബീബി, കം ഹോം' കാമ്പെയ്നോടൊപ്പമാണ് ഈ പുതിയ ഉൽപ്പന്നങ്ങളുടെ പ്രകാശനം.

# ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി യു–സ്ഫിയർ ആരംഭിക്കുന്നു

## നൂറാം വാർഷികത്തിൽ സ്മാർട്ട് നിർമ്മാണത്തിന്റെ പുതുയുഗത്തിന് തുടക്കം കുറിക്കുന്നു

കൊച്ചി: ഏഷ്യയിലെ ഏറ്റവും വലിയ ലേബർ കോ-ഓപ്പറേറ്റീവും ലോകത്തിലെ രണ്ടാമത്തെ വലിയ ലേബർ കോൺട്രാക്റ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്) പരമ്പരാഗത നിർമ്മാണത്തേക്കാൾ വേഗതയേറിയതും ഘടകഭാഗങ്ങൾ മുൻകൂട്ടി നിർമ്മിച്ച് കൃത്യതയോടെ യോജിപ്പിക്കുന്ന രീതിയിലുള്ള നിർമ്മാണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതുമായ അത്യാധുനിക, ഹൈടെക്, പരിസ്ഥിതിസൗഹൃദ കെട്ടിട നിർമ്മാണസംരംഭമായ യു-സ്ഫിയറിന് തുടക്കം കുറിച്ചു. യു.എൽ.സി.സി.എസ് 100-ാം വാർഷികം ആഘോഷിക്കുന്ന അവസരത്തിലാണ് പുതിയ സംരംഭം ആരംഭിക്കുന്നത്. നൂതന മോഡുലാർ, സുസ്ഥിര നിർമ്മാണ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി, അടുത്ത തലമുറ അടിസ്ഥാനസൗകര്യ വികസനത്തിൽ ഊരാളുങ്കൽ സൊസൈറ്റിയെ മുൻനിരയിലെത്തിക്കുവാൻ പര്യാപ്തമായതാണ് പുതിയ സംരംഭം.




*ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പുതിയ ഹൈടെക്, പരിസ്ഥിതി സൗഹൃദ കെട്ടിടനിർമ്മാണ സംരംഭമായ യു-സ്ഫിയറിന്റെ ബ്രാൻഡ് ഐഡന്റിറ്റി യു.എൽ.സി.സി.എസ് ചെയർമാൻ രമേശൻ പാലേരി അനാവരണം ചെയ്യുന്നു. യു.എൽ.സി.സി.എസ് അസിസ്റ്റന്റ് ജനറൽ മാനേജർ ഫാരിസ് എ. റസാഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അരുൺ ബാബു, മാനേജിങ് ഡയറക്ടർ ഷാജു എസ്. എന്നിവർ സമീപം.*

കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 1,000 ജീവനക്കാരെ നിയമിക്കാൻ യു-സ്ഫിയർ പദ്ധതിയിടുന്നു. പൊതു അടിസ്ഥാന സൗകര്യങ്ങൾ, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ നിർമ്മാണപ്രവർത്തനങ്ങളിലൂടെ 2,000 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങളിലൂടെയും സമൂഹത്തിന്റെ ഉന്നമനത്തിന് പ്രതിജ്ഞാബദ്ധമായ യുഎൽസിസിഎസിന്റെ വിജയകരമായ കേരള മോഡൽ യു-സ്ഫിയറിലൂടെ ആവർത്തിക്കാനാണ് ശ്രമിക്കുന്നത്. സ്മാർട്ട് ഇൻഫ്രാസ്ട്രക്ചറിലെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നിർമ്മാണ വേഗത മെച്ചപ്പെടുത്തുന്നതിനും വിഭവ വിനിയോഗം ഫലപ്രദമാക്കുന്നതിനും എ.ഐ അധിഷ്ഠിത അനലിറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ്-അധിഷ്ഠിത മോണിറ്ററിംഗ്, ഡിജിറ്റൽ പ്രോജക്റ്റ് മാനേജ്മെന്റ് എന്നിവ യു-സ്ഫിയർ സംയോജിപ്പിക്കും.

റോഡുകളും പാലങ്ങളും ബിൽഡിംഗുകളും മുതൽ ഐ.ടി പാർക്കുകൾ വരെയുള്ള 8,000-ത്തിലധികം പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ട് ഒരു നൂറ്റാണ്ടിലേറെയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ മുൻനിരയിലുണ്ടെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ജീവിതം മെച്ചപ്പെടുത്തുന്നതിലൂടെയും സാമ്പത്തിക സ്വാധീനം സൃഷ്ടിക്കുന്ന ഞങ്ങളുടെ ദൗത്യം മാറ്റമില്ലാതെ തുടരുമെന്നും യു.എൽ.സി.സി.എസ് ചെയർമാൻ രമേശൻ പാലേരി പറഞ്ഞു. യു-സ്ഫിയറിലൂടെ സ്മാർട്ട്, സുസ്ഥിര, ഹൈടെക് നിർമ്മാണത്തിന്റെ പുതിയ യുഗത്തിലേക്ക് ഞങ്ങൾ ഊരാളുങ്കലിന്റെ പാരമ്പര്യത്തെ എത്തിക്കുകയാണ്. വേഗത, പുതുമ, പരിസ്ഥിതി-സാമൂഹിക-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിലൂടെ, ഈ വ്യവസായത്തിന്റെ ഭാവി പുനർനിർവചിക്കാൻ ഞങ്ങൾ ഒരുങ്ങുന്നു.

പരിസ്ഥിതി ആഘാതം കുറയ്ക്കുന്ന ഊർജ്ജക്ഷമതയുള്ള ഡിസൈനുകളും സുസ്ഥിര നിർമ്മാണമാർഗങ്ങളും സ്വീകരിക്കുന്നതിലായിരിക്കും യു-സ്ഫിയർ ശ്രദ്ധിക്കുക. ഓരോ ഘട്ടത്തിലും വളർന്നുവരുന്ന സാങ്കേതികവിദ്യകളുമായി ചേർന്ന് പോകാൻ ഞങ്ങളുടെ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കൂടാതെ, ഞങ്ങളുടെ നിർമ്മാണശേഷികൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനായി പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളും വ്യവസായ വിദഗ്ധരും ഉൾപ്പെടെയുള്ള പങ്കാളികളുമായി സഹകരിക്കും. നിർമ്മാണമേഖലയിലെ ഒരു സമ്പൂർണ്ണ സേവനദാതാവായി യു-സ്ഫിയറിനെ മാറ്റിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങളെ കൂടുതൽ മികച്ചതും വേഗതയേറിയതും സുസ്ഥിരവും ഉയർന്ന അതിജീവനശേഷിയുള്ളതുമാക്കി മാറ്റുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സൗഹൃദ സാമഗ്രികൾ, പുനരുപയോഗിക്കാവുന്ന ഊർജ്ജം, ജലസംരക്ഷണം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനാൽ സുസ്ഥിരതയാണ് യു-സ്ഫിയറിനെ നയിക്കുന്നത്. ഊർജ്ജക്ഷമതയുള്ള രൂപകൽപനകൾ സ്വീകരിച്ചും പുനരുപയോഗിക്കാവുന്ന വസ്തുക്കളിലും സ്മാർട്ട് എനർജി സിസ്റ്റങ്ങളിലും നിക്ഷേപിച്ചും അടുത്ത ദശകത്തിൽ പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനൊപ്പം കാർബൺ പുറന്തള്ളൽ 30 ശതമാനത്തിലധികം കുറയ്ക്കാനും ലക്ഷ്യമിടുന്നു.

ഉത്തരവാദിത്തമുള്ള നിർമ്മാണത്തോടുള്ള യു.എൽ.സി.സി.എസിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനായി സുസ്ഥിരതയും ഹരിത നിർമ്മാണരീതികളും ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തും. യു.എൽ.സി.സി.എസ് മികവിന്റെ 100 വർഷങ്ങൾ ആഘോഷിക്കുമ്പോൾ, ഇന്ത്യയിലുടനീളമുള്ള നിർമ്മാണത്തെ പുനർനിർവചിക്കുന്നതിനുള്ള നൂതനാശയങ്ങൾ, സുസ്ഥിരത, വിപുലീകരണം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് യു-സ്ഫിയർ ഭാവിയെക്കുറിച്ചുള്ള അതിന്റെ കാഴ്ചപ്പാടിന്റെ സൂചനയായി നിലകൊള്ളും.

## ഗിരീഷ് കുമാർ നായർ ഈസ്റ്റേൺ സി.ഇ.ഒ



*ഗിരീഷ് കുമാർ നായർ*

ഓർക്കല ഇന്ത്യയുടെ ഈസ്റ്റേൺ ബിസിനസ് യൂണിറ്റിന്റെ കേരള സി.ഇ.ഒ. ആയി ഗിരീഷ് കുമാർ നായരെ നിയമിച്ചു. നോർവീജിയൻ വ്യവസായ നിക്ഷേപ സ്ഥാപനമായ ഓർക്കല എ.എസ്.എയുടെ ഇന്ത്യൻ വിഭാഗമായ ഓർക്കല ഇന്ത്യയാണ് ഈസ്റ്റേൺ ഏറ്റെടുത്തിട്ടുള്ളത്. ഈസ്റ്റേണിന്റെ വളർച്ചയുടെ മേൽനോട്ടത്തോടൊപ്പം ഓർക്കല ഇന്ത്യയുടെ കേരളത്തിലെ സാന്നിധ്യം വർധിപ്പിക്കുക എന്ന ഉത്തരവാദിത്തമാണ് പുതിയ സി.ഇ.ഒ.യിൽ നിക്ഷിപ്തമായിരിക്കുന്നത്.


മൂന്ന് പതിറ്റാണ്ടോളം ഭക്ഷ്യ ഉപഭോക്തൃ ഉത്പന്നങ്ങളുടെ വിപണനമേഖലയിൽ പരിചയമുണ്ട് ഗിരീഷ് കുമാർ നായർക്ക്. ഒലാം ഗ്രൂപ്പിൽ നിന്നാണ് ഈസ്റ്റേണിലേക്ക് അദ്ദേഹം എത്തുന്നത്. ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.എം. ബംഗളൂരു എന്നിവടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിപ്രോ, ബക്കാർഡി, ബ്രിട്ടാനിയ, ഡാബർ എന്നിവിടങ്ങളിൽ അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്.

ഈസ്റ്റേണിനെ വളർച്ചയുടെ പുതുവഴിയിലേക്ക് നയിക്കാൻ ശേഷിയും പരിചയസമ്പത്തുമുള്ളയാളാണ് ഗിരീഷ് കുമാർ നായർ എന്ന് ഓർക്കല ഇന്ത്യ സി.ഇ.ഒ. സഞ്ജയ് ശർമ്മ പറഞ്ഞു.

കേരളയീയരുടെ പ്രിയപ്പെട്ട ഈസ്റ്റേണിനൊപ്പം ജോലി ചെയ്യാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും കാലത്തിനനുസരിച്ചുള്ള മാറ്റത്തിന്റെ വഴിയിലേക്ക് ടീമിനെ നയിക്കാനാണ് ലക്ഷ്യമെന്നും ഗിരീഷ് കുമാർ നായർ പറഞ്ഞു.

# ക്യൂ ലൈഫ് 25–ന്റെ നിറവിൽ മൂന്ന് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി




*വിനോദ് മഞ്ജില (ചെയർമാൻ, സി.ഐ.ഐ കേരളാ സ്റ്റേറ്റ് കൗൺസിൽ), ശാലിനി വാരിയർ (വൈസ് ചെയർപേഴ്സൺ) എന്നിവർ മറ്റ് പ്രമുഖ കേരള വ്യവസായികൾക്കൊപ്പം കൊച്ചിയിൽ യൂണിയൻ ബഡ്ജറ്റ് വീക്ഷിക്കുന്ന വേളയിൽ.*

കൊച്ചി: പ്രമുഖ പാക്കേജ്ഡ് കുടിവെള്ള കമ്പനിയായ ക്യൂ ലൈഫ് കൺസ്യൂമർ പ്രോഡക്ട്സ് തങ്ങളുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മൂന്ന് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. പരിസ്ഥിതിസൗഹൃദമായ ആൽക്കലൈൻ വാട്ടർ, 500 മില്ലി ഗ്ലാസ് ബോട്ടിൽ, എൻജൂസ് മാംഗോ (NJUZE Mango) ടെട്രാ പാക്കറ്റ്, ഉപ്പിട്ട നാരങ്ങ കാർബണേറ്റഡ് പാനീയമായ 'ഉപ്സോ' (UPSO) എന്നിങ്ങനെ പുതിയ മൂന്ന് ഉൽപ്പന്നങ്ങളാണ് വിപണിയിലെത്തിച്ചിട്ടുള്ളതെന്ന് നെസ്റ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറും സി.ഇ.ഒ.യുമായ അൽത്താഫ് ജഹാംഗീർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

25 വർഷങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്കും മിഡിൽ ഈസ്റ്റിലേക്കും തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഈ വർഷം പദ്ധതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മികച്ച കുടിവെള്ള പരിഹാരങ്ങൾ നൽകിയതിനും ഗുണനിലവാരം കാത്തുസൂക്ഷിച്ചതിനും 2024-ൽ ബി.ഐ.എസ് സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ ക്യൂ ലൈഫ് കൺസ്യൂമർ പ്രോഡക്ട്സ് നേടിയിരുന്നു. കേരളത്തിലും തമിഴ്നാട്ടിലും ശക്തമായ സാന്നിധ്യമുള്ള ക്യൂ ലൈഫ്, ശുദ്ധവും സുരക്ഷിതവും ഉന്മേഷദായകവുമായ പാക്കേജ്ഡ് വെള്ളവും പാനീയങ്ങളും വിതരണം ചെയ്യുന്നതിൽ തെക്കേ ഇന്ത്യൻ വിപണിയിൽ മുൻപിലാണ്. ഗുണനിലവാരത്തിലും നവീകരണത്തിലുമുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് തങ്ങളുടെ പോർട്ട്ഫോളിയോ വികസിപ്പിക്കുക എന്ന കമ്പനിയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പുതിയ മൂന്ന് ഉൽപ്പന്നങ്ങൾ വിപണിയിൽ കമ്പനി എത്തിച്ചിട്ടുള്ളത്.

25 വർഷമായി, 'ഗോൾഡൻ വാലി' 'എൻജൂസ് (NJUZE)' എന്നീ ബ്രാൻഡുകൾ പാക്കേജു ചെയ്ത പാനീയ വ്യവസായത്തിൽ വിശ്വാസത്തിന്റെയും ഗുണനിലവാരത്തിന്റെയും മികച്ച ഉദാഹരണങ്ങളാണ്. ഉപഭോക്താക്കളുടെ വിശ്വാസവും കമ്പനി വിപുലീകരണത്തിന്റെ ഭാഗവുമായാണ് പുതിയ ഉൽപ്പന്നങ്ങൾ ഞങ്ങൾ വിപണിയിലെത്തിച്ചിട്ടുള്ളത്. ഗ്ലാസ് ബോട്ടിലുകളിൽ ആൽക്കലൈൻ വെള്ളം പാക്കേജ് ചെയ്യുമ്പോൾ ഞങ്ങൾ ഉപഭോക്താക്കൾക്ക് ഒരു പ്രീമിയം അനുഭവം നൽകുന്നു. അതേസമയം ഞങ്ങളുടെ 'ടെട്രാ പായ്ക്ക് മാങ്കോ' സൗകര്യപ്രദമായ ഒരു പാക്കേജിംഗ് ഉപഭോക്താക്കൾക്ക് നൽകുന്നു. ഞങ്ങളുടെ പുതിയ 'ഉപ്സോ' (ഉപ്പു സോഡ) - സാൾട്ടി ലെമൺ കാർബണേറ്റഡ് ഡ്രിങ്ക് തീർച്ചയായും കേരള രുചിയുടെ തനിമ നൽകുന്ന ഒന്നാകുമെന്നും അൽത്താഫ് ജഹാംഗീർ പറഞ്ഞു.

ജനറൽ മാനേജർ പ്രദീപ് എം, സീനിയർ കോർപ്പറേറ്റ് ജനറൽ മാനേജർ, നെസ്റ്റ് ഗ്രൂപ്പ് തോമസ് എബ്രഹാം എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# റോട്ടറി കൊച്ചിൻ സെൻട്രൽ CIAL ഗോൾഫ് ക്ലബ്ബിൽ സംഘടിപ്പിച്ചു

കൊച്ചി: ആൽബർട്ട് ബിവേര, സെബി തോമസ്, Com. കൃപേഷ് ജാ (Kripesh Jha), Dr. സുനിൽ ഭാസ്കരൻ, അംഗിത കിഷോർ, Dr. ജോർജ് പോൾ, Dr. പരാസ് ഗോസൈൻ (Paras Gosain), ലാലിച്ചൻ സഖറിയാസ് എന്നിവരാണ് വിജയികളായത്. കൊച്ചി, തിരുവനന്തപുരം, കോയമ്പത്തൂർ, ബാംഗ്ലൂർ, മുംബൈ, മാംഗ്ലൂർ, ഇംഗ്ലണ്ട്, ഇന്ത്യൻ നേവി എന്നിവടങ്ങളിൽ നിന്നും 65-ഓളം പേർ ടൂർണമെന്റിൽ പങ്കെടുത്തു.

കാൻസർ ബാധിച്ച അശരണരും നിരാലംബരുമായവർക്ക് സൗജന്യമായി ഡയാലിസിസ് നൽകുന്നതിനു ക്യാൻക്യൂർ ഫൗണ്ടേഷൻ എന്ന സംഘടനയ്ക്ക് നൽകാനാണ് ഈ ടൂർണമെന്റിൽ നിന്നുള്ള തുക റോട്ടറി കൊച്ചിൻ സെൻട്രൽ ഉദ്ദേശിക്കുന്നത്.

# എം.ആർ.എഫ് ഫെസിലിറ്റി ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു




കൊച്ചി: സുസ്ഥിര മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനായി സി.ഐ.ഐ ഫൗണ്ടേഷനും ചെല്ലാനം ഗ്രാമപഞ്ചായത്തും ജി.ഐ.സി.യുമായി സഹകരിച്ചു നടത്തുന്ന 'ചേലോടെ ചെല്ലാനം' പദ്ധതിയുടെ ഭാഗമായുള്ള പുതിയ എം.ആർ.എഫ് ഫെസിലിറ്റി (Material Recovery Facility) എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കൊച്ചി എം.എൽ.എ. കെ.ജെ. മാക്സി, ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. ജോസഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മികച്ച പ്രതികരണമാണ് 'ചേലോടെ ചെല്ലാനം' പദ്ധതിക്ക് ജനങ്ങൾ നൽകുന്നത്. സി.ഐ.ഐ. ഫൗണ്ടേഷന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി ചെല്ലാനം നേരിട്ടുകൊണ്ടിരുന്ന മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് സഹായിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു.

പുതിയ എം.ആർ.എഫ് വരുന്നതോടു കൂടി മാലിന്യ വേർതിരിക്കലിനും സംസ്കരണത്തിനും വേഗത കൈവരിക്കാൻ കഴിയുമെന്ന് സി.ഐ.ഐ കേരള ചെയർമാൻ വിനോദ് മഞ്ഞില പറഞ്ഞു. പദ്ധതിയുടെ ഭാഗമായി മാലിന്യശേഖരണത്തിനായി നൽകിയ ഇ-കാർട്ട് സേവനം വളരെ സഹായകരമായിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാലിന്യങ്ങൾ അനിയന്ത്രിതമായി പുറംതള്ളുകയും തുറസ്സായ ഇടങ്ങളിൽ കത്തിക്കുകയും ചെയ്യുന്ന പ്രവണത കുറക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ദീർഘകാല മാലിന്യ നിയന്ത്രണശീലങ്ങൾ രൂപപ്പെടുത്തുന്നതിനും .മാലിന്യനിയന്ത്രണ സേവനങ്ങൾ 5,747 വീടുകളിൽ നിന്ന് 7,800 വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിക്ക് കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾ പദ്ധതിക്ക് പൊതുസമൂഹത്തിന്റെ ഇടയിൽ സ്വീകാര്യത്തെ നേടാൻ സഹായിച്ചു.

ആദ്യഘട്ടത്തിൽ ബയോബിൻ ഉപയോഗിച്ചിരുന്നത് 50 കുടുംബങ്ങൾ മാത്രമായിരുന്നുവെങ്കിൽ, പദ്ധതിയിലുടനീളം ഈ എണ്ണം 450 ആയി ഉയർത്തുവാൻ കഴിഞ്ഞു. പദ്ധതിയിലൂടെ ഹരിതകർമ്മസേനാംഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെക്ക് കൊണ്ടുവരുന്നതിനും അവരെ സാമ്പത്തിക ശാക്തീകരണത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനും കഴിഞ്ഞു. ഹരിതകർമ്മസേനാംഗങ്ങളുടെ വാർഷിക വരുമാനം 4,06,300 വരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. സേനാംഗങ്ങളുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിനും തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് മെഡിക്കൽ പിന്തുണ നൽകാനും പദ്ധതിക്ക് കഴിഞ്ഞു.

മുൻ സി.ഐ.ഐ ചെയർമാനും സിന്തൈറ്റ് ഇൻഡസ്ട്രീസ് എം.ഡിയുമായ അജു ജേക്കബ്, സി.ഐ.ഐ പ്രിൻസിപ്പൽ അഡ്വൈസറും സോഷ്യൽ ഇനിഷിയേറ്റീവ് തലവനുമായ സുനിൽ കുമാർ മിശ്ര, മേരി സിംല (ചെല്ലാനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്), ബേബി തമ്പി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), രഞ്ജിനി.എസ് (ഹരിത കേരളം ജില്ലാ കോർഡിനേറ്റർ), സിമൽ ആന്റണി (ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ), ശ്രീലത. ജി. (സെക്രട്ടറി, ചെല്ലാനം ഗ്രാമ പഞ്ചായത്ത്), സക്കറിയ ജോയ് (കോ-കൺവീനർ, സി.ഐ.ഐ ക്ലീൻ കേരള ആൻഡ് വേസ്റ്റ് മാനേജ്മെന്റ്) എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

# വാർഡ് വിഭജന പരാതി കേൾക്കാൻ ഡിലിമിറ്റേഷൻ കമ്മീഷൻ

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജന നടപടികൾ നിർത്തിവെച്ച ഹൈക്കോടതി സിംഗിൾബെഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബെഞ്ച് റദ്ദാക്കിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എട്ട് മുനിസിപ്പാലിറ്റികളിലെയും ഒരു പഞ്ചായത്തിലെയും പരാതികൾ സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷൻ നേരിട്ടു കേൾക്കും.

പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, കണ്ണൂർ ജില്ലയിലെ പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം നഗരസഭകളിലെയും കാസർകോട് ജില്ലയിലെ പടന്ന പഞ്ചായത്തിലെയും വാർഡ് വിഭജനം സംബന്ധിച്ച പരാതി മാർച്ച് 7-ന് 10 മണിക്ക് തിരുവനന്തപുരം തൈക്കാട് ഗസ്റ്റ്ഹൗസിൽ കേൾക്കുമെന്ന് കമ്മീഷൻ ചെയർമാൻ എ. ഷാജഹാൻ അറിയിച്ചു.

സംസ്ഥാനത്തെ മറ്റു പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വാർഡ് വിഭജന പരാതികൾ ജില്ലകളിൽ നടത്തിയ ഹിയറിംഗിൽ പൂർത്തീകരിച്ചിരുന്നു. രണ്ടാംഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാപഞ്ചായത്തുകളുടെയും വാർഡ് വിഭജനം നടത്തും.

സംസ്ഥാനത്തെ 9 തദ്ദേശ സ്ഥാപനങ്ങളിൽ സർക്കാർ നടത്തിയ വാർഡ് വഭജന നടപടികൾ ഹൈക്കോടതി ഡിവിഷൻബെഞ്ച് ശരിവെച്ചിരുന്നു. ജനസംഖ്യയ്ക്ക് ആനുപാതികമായി വാർഡ് എണ്ണം നിർണ്ണയിക്കാൻ സർക്കാരിന് അധികാരമുണ്ടെന്ന് വിലയിരുത്തിയായിരുന്നു നടപടി.

# ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.റ്റി) വ്യവസായവൽക്കരണത്തിലേക്ക്

## പെട്രോൾ പമ്പിന്റെ നിർമ്മാണ ഉദ്ഘാടനം നടന്നു



*ആർ. അനിൽകുമാർ (എഫ്.ഐ.റ്റി ചെയർമാൻ)*

ആലുവ: കാലാനുസൃതമായ വൈവിദ്ധ്യവൽക്കരണത്തിലൂടെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.റ്റി) തുടങ്ങുന്ന പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്തു.

എഫ്.ഐ.ടി. ചെയർമാൻ ആർ. അനിൽകുമാർ അദ്ധ്യക്ഷനായിരുന്നു. ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് മുഖ്യപ്രഭാഷണം നടത്തി. വനം, വന്യജീവി വകുപ്പ് സി.എഫ്.എൻ. ഇന്ദു വിജയൻ ലോഗോ പ്രകാശിപ്പിച്ചു. എഫ്.ഐ.ടി. മാനേജിംഗ് ഡയറക്ടർ കെ. അഫ്സൽ അലി, ബി.പി.സി.എൽ. റീട്ടെയിൽ സ്റ്റേറ്റ് ഹെഡ് കെ.വി. രമേശ് കുമാർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കുറ ശ്രീനിവാസ്, ചൂർണിക്കര പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത്കുമാർ, എ.പി. ഉദയകുമാർ, എ.എം. യൂസഫ്, പി. നവകുമാരൻ, ബി.പി.സി.എൽ. ടെറിട്ടറി മാനേജർ സുജിത് ജയരാജൻ, എഫ്.ഐ.ടി. ബോർഡ് അംഗം എസ്. ധർമ്മേന്ദ്രൻ, വാർഡ് അംഗം റൂബി ജിജി, അഡ്വ. വി. സലീം, അഡ്വ. വി.ഇ. അബ്ദുൾ ഗഫൂർ എന്നിവർ സംസാരിച്ചു.

കേരള സർക്കാർ അനുവദിച്ച പെട്രോൾപമ്പ് എഫ്.ഐ.റ്റി. കമ്പനി കൗമ്പൗണ്ടിൽ ഭാരത് പെട്രോളിയം കോർപ്പറേഷനുമായി സഹകരിച്ചാണ് പ്രവർത്തനമാരംഭിക്കുന്നത്. കമ്പനിയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഒരുലക്ഷം സ്ക്വയർഫീറ്റിൽ ആധുനിക സൗകര്യത്തോടുകൂടിയ വെയർഹൗസും പെട്രോൾപമ്പും വേണമെന്ന് നേരത്തെ തീരുമാനിച്ചിരുന്നതാണ്. ഇതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ പെട്രോൾപമ്പിന്റെ നിർമ്മാണോദ്ഘാടനം നടന്നത്. കൂടാതെ സ്റ്റീൽ ഉല്പന്നങ്ങളും നിർമ്മിക്കണം എന്ന നിലപാടും കമ്പനിക്കുണ്ട്. ഇതനുസരിച്ചുള്ള കത്തും കമ്പനി സർക്കാരിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റീൽ ഉല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ ഒരു പ്ലാന്റ് ഇവിടെ സ്ഥാപിക്കണമെന്ന ആവശ്യമാണ് സർക്കാർ മുന്നോട്ടുവെച്ചിട്ടുള്ളതെന്ന് കമ്പനിയുടെ ചെയർമാൻ കൂടിയായ ആർ. അനിൽകുമാർ പറഞ്ഞു.



*ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ ആരംഭിക്കുന്ന പെട്രോൾപമ്പിന്റെ നിർമ്മാണോദ്ഘാടനം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് നിർവഹിക്കുന്നു. മാനേജിംഗ് ഡയറക്ടർ കെ. അഫ്സൽ അലി, എഫ്.ഐ.റ്റി. ചെയർമാൻ ആർ. അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, വന്യജീവി വകുപ്പ് സി.എഫ്.എൻ. ഇന്ദു വിജയൻ, ബി.പി.സി.എൽ. റീട്ടെയിൽ സ്റ്റേറ്റ് ഹെഡ് കെ.വി. രമേശ് കുമാർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കുറ ശ്രീനിവാസ്, ചൂർണിക്കര പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, തുടങ്ങിയവർ സമീപം.*

കമ്പനി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. സ്പോർട്സ് ഐറ്റംസും ഗുണമേന്മയോടെ മരത്തിൽ ഉല്പാദിപ്പിച്ചു കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ ആലോചനയിലാണ്. മറ്റു പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി സഹകരിപ്പിച്ചു കൊണ്ട് മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി കയർബോർഡുമായി സഹകരിച്ച് അവരുടെ മെത്തകൾ, മറ്റ് ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനുള്ള വിപണന സാധ്യത, അതുപോലെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കശുവണ്ടി പരിപ്പ് വില്പന നടത്തുന്നതിനാവശ്യമായ സമീപനവും കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് തേൻ അടക്കമുള്ള സാധനങ്ങൾ വിപണനം നടത്താനുള്ള സാധ്യതയും കൈക്കൊണ്ടുവരികയാണെന്ന് ചെയർമാൻ പറഞ്ഞു. കൂടാതെ സാംസ്കാരിക കേരളത്തിന്റെ സാംസ്കാരികകേന്ദ്രമെന്ന നിലയിൽ കലാമണ്ഡലത്തിലെ എല്ലാ വികസനപ്രവർത്തനത്തിലും എഫ്.ഐ.റ്റി.യുമായി സഹകരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. എഫ്.ഐ.റ്റി.യുടെ നവീകരണപദ്ധതിക്ക് ആവശ്യമായ പുരോഗതിക്കും സർക്കാർ സംവിധാനങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തി അറിയപ്പെടുന്ന പൊതുമേഖലാ സ്ഥാപനമെന്ന നിലയിലേക്ക് ഉയർത്താനാണ് കമ്പനി ലക്ഷ്യമിടുന്നത്.

100–130 തൊഴിലാളികൾ പണിയെടുക്കുന്ന കമ്പനിയെ കുറച്ചു വർഷങ്ങളായിട്ട് പ്രതിവർഷ ലാഭത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കൂടുതൽ മികവാർന്ന നിലയിലേക്ക് കമ്പനിയെ കൊണ്ടുപോകാനാവശ്യമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ചെയർമാൻ അനിൽകുമാർ പറഞ്ഞു. എഫ്.ഐ.റ്റി. വിവിധ മേഖലകളിലേക്ക് കടക്കുന്നതിന്റെ ഭാഗമായി എറണാകുളം മേഖലയിൽ നടക്കുന്ന സ്കൂൾ ഒളിംപിക്സിന് മെഡലുകൾ നൽകിവരുന്നുണ്ട്. ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ചൂരൽമല മുണ്ടക്കൈയിൽ 60 ബെഞ്ചുകളും 60 ഡെസ്കുകളും എഫ്.ഐ.റ്റി. നിർമ്മിച്ചു നൽകി.



*കെ. അഫ്സൽ അലി, എഫ്.ഐ.ടി. മാനേജിംഗ് ഡയറക്ടർ*



എഫ്.ഐ.റ്റി.ഫാക്ടറി

# ക്യാൻസർ രോഗത്തിനുള്ള മരുന്നിന്റെ വില നിയന്ത്രിക്കാൻ സർക്കാർ സന്നദ്ധമാകണം



*മഞ്ഞുമ്മൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ട്രസ്റ്റ് നടത്തിയ ലോക ക്യാൻസർദിനത്തോടനുബന്ധിച്ചു നടന്ന പരിപാടിയിൽ നഴസിംഗ് കോളേജിന്റെ ശിലാസ്ഥാപന കർമ്മം ഡോ. അഗസ്റ്റിൻ മുള്ളൂർ നിർവഹിക്കുന്നു*

കൊച്ചി: ക്യാൻസർരോഗത്തെ പ്രകൃതിയുടെ ഒരു വികൃതിയായി കാണണമെന്നും ക്യാൻസർരോഗത്തിനുള്ള മരുന്നിന്റെ വില നിയന്ത്രിക്കുവാൻ സർക്കാർ സന്നദ്ധമാകണമെന്നും മുൻ ഹൈക്കോടതി ജഡ്ജി കെമാൽ പാഷ പറഞ്ഞു. മഞ്ഞുമ്മൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ട്രസ്റ്റ് നടത്തിയ ലോക ക്യാൻസർദിനത്തോടനുബന്ധിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്യാൻസർരോഗിയെ ഒരു രോഗിയായി കാണാതെ ചികിത്സ ആവശ്യമുള്ള ഒരു വ്യക്തിയായി കാണണമെന്നും അദ്ദേഹം പറഞ്ഞു.

ക്യാൻസർരോഗചികിത്സയിൽ മഞ്ഞുമ്മൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ട്രസ്റ്റ് മുന്നിട്ടുവരികയാണെന്നും ക്യാൻസർരോഗത്തെ തടയുവാനും അതിജീവിക്കുവാനുള്ള വെല്ലുവിളികൾ ഒറ്റക്കെട്ടായി നേരിടണമെന്നും അദ്ധ്യക്ഷത വഹിച്ച ആശുപത്രി ഡയറക്ടർ ഫാ. ലാൽജു പോളപ്പറമ്പിൽ പറഞ്ഞു. ക്യാൻസറിന്റെ സാമൂഹിക സ്വാധീനത്തെക്കുറിച്ച് ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. എം.എൻ. വെങ്കിടേശ്വരൻ സന്ദേശം നൽകി. ഓങ്കോളജി സർജറി വിഭാഗം മേധാവി ഡോ. തോമസ് വർഗീസ് ബോധവൽക്കരണക്ലാസ്സിന് നേതൃത്വം നൽകി. 100 നിർധനരായ സ്ത്രീകൾക്ക് സൗജന്യമായി മാമോഗ്രാം ചെയ്ത് രോഗനിർണ്ണയം നടത്തുവാൻ മഞ്ഞുമ്മൽ ആശുപത്രിയുമായി സഹകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഐ.എം.എ. പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം ക്യാൻസർരോഗത്തെ ചികിത്സിക്കുവാൻ മഞ്ഞുമ്മൽ ആശുപത്രിയോടു സഹകരിക്കാനുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

മാസ്മരിക ഗായകനും സംഗീതജ്ഞനുമായ സ്റ്റീഫൻ ദേവസി, മിമിക്രി ആർട്ടിസ്റ്റ് ബൈജു ജോസ് എന്നിവരുടെ കലാവിരുന്നും നടന്നു. കൂടാതെ ദൃശ്യശ്രവണ മാധ്യമ മേഖലയിൽ ശ്രദ്ധേയനായ തോമസ് വെട്ടിയിലിനെയും, കലാപ്രതിഭ രാധാകൃഷ്ണൻ മാരാരിനെയും യോഗത്തിൽ ആദരിച്ചു. ഹോസ്പിറ്റൽ ട്രസ്റ്റ് അസോസിയേറ്റ് ഡയറക്ടർ സെലിൻ മാത്യുവും വിശിഷ്ടാതിഥികൾക്ക് സ്നേഹോപഹാരം നൽകി. ഫാ. ജിൻസൺ റെഡ്രിക്സ് യോഗത്തിന് സ്വാഗതവും നേഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സംഗീത ഫ്രാൻസിസ് നന്ദിയും പറഞ്ഞു.

# ഹൃദ്രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയ

## ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയും ചിക്കിംഗ് ഹാർട്ട് കെയറും ധാരണാ പത്രം കൈമാറി

കൊച്ചി: ഒരു മനുഷ്യന്റെ പക്കൽ കോടിക്കണക്കിന് രൂപയുണ്ടെങ്കിലും അത് സന്തോഷം നൽകില്ലെന്നും മറിച്ച് ഈ ധനം മറ്റുള്ളവർക്ക് സഹായമായി മാറുമ്പോഴാണ് അവന്റെ ജീവിതം സന്തോഷത്താൽ നിറയുന്നതെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് മേനോൻ പറഞ്ഞു. എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജ്യനമായി ഹൃദയശസ്ത്രക്രിയയും തുടർചികിൽസയും ചെയ്യുന്ന പദ്ധതിയുടെ ധാരണാപത്രം കൈമാറൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചിക്കിംഗ് ഹാർട്ട് കെയറുമായി സഹകരിച്ച് 100 ഹൃദ്രോഗികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയയും തുടർചികിൽസയും ചെയ്യുന്ന പദ്ധതിയുടെ ധാരണാപത്രം കൈമാറൽ സമ്മേളനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി.ഗോപിനാഥ മേനോൻ ഉദ്ഘാടനം ചെയ്യുന്നു. ഇക്ബാൽ വലിയ വീട്ടിൽ, അഡ്വ. ബി.എ. അബ്ദുൾ മുത്തലിബ്, എൻ.എ. അബ്രാഹം, അജയ് തറയിൽ, എം.ഒ. ജോൺ, അഗസ്റ്റസ് സിറിൾ, ഡോ. ജോർജ് ജെ. വാളൂരാൻ, ആലപ്പാട്ട് മുരളീധരൻ, എ.കെ. മൻസൂർ, ജി. മാധവൻകുട്ടി, ഫൈസൽ ബഫാക്കി തങ്ങൾ, പി.വി. അഷ്റഫ് തുടങ്ങിയവർ

ഡോക്ടർമാരുടെ ജോലി ദൈവതുല്യമാണെന്നതിൽ സംശയമില്ല. അതുപോലെ തന്നെ പ്രധാനമാണ് ചികിൽസിക്കാൻ പണമില്ലാതെ കഷ്ടതയനുഭവിക്കുന്ന നിർധനരായ രോഗികളെ സാമ്പത്തികമായി സഹായിക്കുന്നതും. ഇതിലും മഹത്തായ മറ്റൊന്നില്ലെന്നാണ് താൻ വിശ്വസിക്കുന്നതെന്നും ജസ്റ്റിസ് പി. ഗോപിനാഥ് മേനോൻ പറഞ്ഞു. ആശുപത്രി ഭരണസമിതി പ്രസിഡന്റ് എം.ഒ. ജോൺ അധ്യക്ഷത വഹിച്ചു. സൗജന്യ ഹൃദയശസ്ത്രക്രിയ പദ്ധതിയുടെയും തുടർചികിൽസയുടെയും ധാരണാപത്രം ചിക്കിംഗ് (മാൻസൂർ ഫുഡ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്) മാനേജിംഗ് ഡയക്ടർ എ.കെ. മൻസൂർ ആശുപത്രി ഭരണ സമിതി സെക്രട്ടറി അജയ് തറയിലിന് ചടങ്ങിൽ കൈമാറി. ഹൃദ്രോഗ ശസ്ത്രക്രിയാ വിദഗ്ദരായ ഡോ. ജോർജ് ജെ. വാളൂരാൻ, ഡോ. ജിയോ പോൾ. സി. എന്നിവരെ ചടങ്ങിൽ ആദരിച്ചു. ആശുപത്രി വൈസ് പ്രസിഡന്റ് അഡ്വ. ബി.എ അബ്ദുൾ മുത്തലിബ്, ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, പി.വി. അഷ്റഫ്, ആലപ്പാട്ട് മുരളീധരൻ, ഡോ. ഹസീന മുഹമ്മദ്, ഇക്ബാൽ വലിയ വീട്ടിൽ, ഇന്ദിരാബായി പ്രസാദ്, എൻ.എ. അബ്രാഹം, പി.ഡി. അശോകൻ, കെ.പി. വിജയകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത്, പ്രൊജക്ട് കോർഡിനേറ്റർമാരായ ഫൈസൽ ബഫാക്കി തങ്ങൾ, ജി. മാധവൻകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

## കേരളത്തിലെ സൂക്ഷ്മ സംരംഭകത്വം

*1-ാം പേജിൽ നിന്നും തുടർച്ച......*

സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനുള്ള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വ്യവസായമന്ത്രി പി രാജീവ്, സി.ഐ.ഐ ദക്ഷിണ മേഖലാ ചെയർപേഴ്സൺ ഡോ. ആർ. നന്ദിനി, സി.ഐ.ഐ ദക്ഷിണ മേഖലാ ഡെപ്യൂട്ടി ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, സി.ഐ.ഐ കേരള ചെയർമാൻ വിനോദ് മഞ്ഞില എന്നിവരും ചടങ്ങിൽ പങ്കെടുത്തു. നിലവിലെ ബിസിനസ് സംരംഭകർ സൂക്ഷ്മ സംരംഭകരെ പിന്തുണച്ച് അടിത്തട്ടിൽ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തണമെന്ന് സി.ഐ.ഐ ആഹ്വാനം ചെയ്തു. സൂക്ഷ്മ സംരംഭകത്വ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത വി-ഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ നിതിൻ യോഗത്തിൽ പറഞ്ഞു.

സഹകരണത്തിന്റെ പ്രാധാന്യം സി.ഐ.ഐ പ്രതിനിധികൾ എടുത്തുപറയുകയും സെന്ററും സംസ്ഥാന സർക്കാരും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം മുഖ്യമന്ത്രിയിൽ നിന്ന് തേടുകയും ചെയ്തു. ഈ സംരംഭം ചെറുകിട ബിസിനസുകളെ ശാക്തീകരിക്കുമെന്നും തൊഴിൽ സൃഷ്ടിക്കുമെന്നും കേരളത്തിൽ സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുമെന്നും സി.ഐ.ഐ പ്രത്യാശ പ്രകടിപ്പിച്ചു.

കേരളത്തെ 1 ട്രില്യൺ ഡോളർ ഇക്കോണമി ആക്കുവാൻ ലക്ഷ്യമിടുന്ന CII കേരള തയ്യാറാക്കിയ കേരള വിഷൻ ഡോക്യുമെന്റ് 2047 ഈ അവസരത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി.

# 25 വർഷം പിന്നിട്ട് ഗ്രോമാക്സ് അഗ്രി എക്യുപ്മെന്റ്





25 വർഷത്തെ ഗ്രോമാക്സിന്റെ ശ്രദ്ധേയമായ യാത്രയിൽ അഭിമാനിക്കുന്നതോടൊപ്പം തങ്ങളുടെ ഉപഭോക്താക്കൾക്കും, പങ്കാളികൾക്കും, ഗുജറാത്ത് സർക്കാരിനും, പിന്തുണ നൽകിയ തങ്ങളുടെ ജീവനക്കാർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നുവെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഫാം എക്യുപ്മെന്റ് സെക്ടർ പ്രസിഡന്റ് ഹേമന്ത് സിക്ക പറഞ്ഞു.

കൊച്ചി: മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡും ഗുജറാത്ത് സർക്കാരും സംയുക്തസംരംഭമായ ഗ്രോമാക്സ് അഗ്രി എക്യുപ്മെന്റ് ലിമിറ്റഡ് (മുമ്പ് മഹീന്ദ്ര ഗുജറാത്ത് ട്രാക്ടർ ലിമിറ്റഡ്) അതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്നു. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഗ്രോമാക്സ് അതിന്റെ ട്രാക്ടർ ശ്രേണി വെറും 4 ട്രാക്ടർ മോഡലുകളിൽനിന്ന് 40-ലധികം വേരിയൻറുകളിലേക്ക് വികസിപ്പിച്ചു

കമ്പനിയുടെ 25-ാം വാർഷികത്തോടനുബന്ധിച്ച് ഗ്രോമാക്സ് പുതിയ 4 ഡബ്ല്യു.ഡി ട്രാക്ടർ മോഡലുകളായ ട്രാക്സ്റ്റാർ 525, ട്രാക്സ്റ്റാർ 536 എന്നിവ പുറത്തിറക്കി. കാർഷികവിഭാഗത്തിന്റെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 24 എച്ച്.പി, 31 എച്ച്.പി, 36 എച്ച്.പി വിഭാഗങ്ങളിൽ പുതിയ 2ഡബ്ല്യു.ഡി ട്രാക്ടർ വേരിയൻറുകൾ പുറത്തിറക്കി. യുവകർഷകരെ ആകർഷിക്കുന്നതിനും വൈവിധ്യമാർന്നതുമായ, കാവി, കറുപ്പ് നിറങ്ങളിലുള്ള ട്രാക്ടറുകളും ഗ്രോമാക്സ് അവതരിപ്പിച്ചു.

## എസ്.ഐ.ബി. ക്വിക്ക് എഫ്.ഡി. സേവനം അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

കൊച്ചി: ഉപഭോക്താക്കളല്ലാത്തവർക്കും യു.പി.ഐ. സംവിധാനത്തിലൂടെ സ്ഥിര നിക്ഷേപം തുടങ്ങാൻ സൗകര്യമൊരുക്കി സൗത്ത് ഇന്ത്യൻ ബാങ്ക്. എസ്.ഐ.ബി. ക്വിക്ക് എഫ്.ഡി.'യിലൂടെ ഓൺലൈനായി സൗത്ത് ഇന്ത്യൻ ബാങ്കിൽ സ്ഥിരനിക്ഷേപം നടത്താം. പ്രശ്നരഹിതവും ലളിതവുമായ ഡിജിറ്റൽ ബാങ്കിങ് പരിഹാരങ്ങൾ ഏവർക്കും ലഭ്യമാക്കുക എന്ന ബാങ്ക് നയത്തിന്റെ ഭാഗമായാണ് സേവനം തുടങ്ങുന്നത്. സൗത്ത് ഇന്ത്യൻ ബാങ്കിൽ സേവിങ്സ് ബാങ്ക് തുടങ്ങേണ്ട ആവശ്യമില്ല. ഉടനടിയുള്ള പേപ്പർരഹിത നടപടിക്രമങ്ങൾ, യു.പി.ഐ. ഇടപാട് വഴി തുക നിക്ഷേപിക്കാം.

പാൻ, ആധാർ എന്നിവ മാത്രം ഉപയോഗിച്ച് ഡോക്യുമെന്റേഷൻ, 24 മണിക്കൂർ സേവനം, 1000 രൂപ മുതൽ സ്ഥിരനിക്ഷേപം നടത്താം. ആകർഷകമായ പലിശനിരക്കുകൾ, സുരക്ഷിതമായ നിക്ഷേപം. നിക്ഷേപം നടത്തുന്ന തുകയ്ക്ക് ആനുപാതികമായി അഞ്ചുലക്ഷം രൂപ വരെ ഡി.ഐ.സി.ജി.സി. ഇൻഷുറൻസ് തുടങ്ങിയവയാണ് എസ്.ഐ.ബി. ക്വിക്ക് എഫ്.ഡി.യുടെ പ്രത്യേകതകൾ. കൂടുതൽ വിവരങ്ങൾക്ക്: https://quickfd.southindianbank.com






Vol. No.12. N0. 1. Edited, Printed and Published by Sukumaran Kochukari at Ayodhya Printers, Elamakkara, Kochi. for Print Tech, Kochi. Chairman : Eyamkodu Sreedharan, Chief Editor : Suresh Babu K.R. Communication Address: Naveena Bhumi, Bldg.No.417A, MLA Road,Panagad, Kochi-682506. Contact No. Mob:9447900314.